⇨ പ്രാദേശികമായ ഘടകങ്ങളെ ആശ്രയിച്ചാണ് സമരങ്ങളുടെ ബലതന്ത്രങ്ങൾ നിശ്ചയിക്കപ്പെടുന്നത് ⇨

# ജനകീയസമരങ്ങളുടെ രാഷ്ട്രീയരൂപീകരണം: സങ്കീർണ്ണതകൾ, സാധ്യതകൾ

പാരിസ്ഥിതിക ആധിപത്യത്തിന്റെയും വികസനാധിനിവേശത്തിന്റെയും സാമൂഹികാനീതികളുടെയും അവകാശലംഘനങ്ങളുടെയും ഇരകളാകുന്നവരുടെ മുൻകൈയിൽ ഉയർന്നുവരുന്ന ജനകീയസമരങ്ങൾക്ക് എന്തുകൊണ്ടാണ് ഒരു പൊതുരാഷ്ട്രീയം നിർമ്മിക്കാൻ കഴിയാതെ പോകുന്നത്? സമരാനുഭവങ്ങളിൽ നിന്നും സംസാരിക്കുന്നു.

**സി.ആർ. നീലകണ്ഠൻ**

തയ്യാറാക്കിയത്:
**എസ്. ശരത്, പി.എം. ജയൻ**


**ജനകീയ സമരങ്ങളുടെ പൊതുരാഷ്ട്രീയത്തെക്കുറിച്ച് ഏറെ വർഷങ്ങളായി എഴുതുകയും സംസാരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ആളാണല്ലോ സി.ആർ. തിരിഞ്ഞു നോക്കുമ്പോൾ സി.ആർ സംസാരിച്ചുകൊണ്ടിരുന്ന ജനകീയ സമരങ്ങളുടെ പൊതുരാഷ്ട്രീയം എന്നത് രൂപീകൃതമാകാതെ പേകുന്നതായും കേരളത്തിലെ ജനകീയ സമരങ്ങൾ മിക്കവയും അവ മുന്നോട്ട് വച്ച രാഷ്ട്രീയ ലക്ഷ്യങ്ങൾ പൂർത്തിയാക്കാനാവാതെ പ്രതിസന്ധികൾ നേരിടുന്നതായുമാണ് കാണാൻ കഴിയുന്നത്. ജനകീയ സമരങ്ങൾക്ക് ഒരു പൊതുരാഷ്ട്രീയം സമരങ്ങളുടെ ഭാഗമായി ഉയർത്തിക്കൊണ്ടുവരാൻ കഴിയാത്തത് എന്തുകൊണ്ടാണ്?**

അനുഭവമാത്രമായ കാര്യങ്ങളിൽ നിന്നുകൊണ്ട് ഈ ചോദ്യത്തെ വിശദീകരിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്. ജനകീയ സമരങ്ങളെല്ലാം ഏതെങ്കിലും ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിനുള്ളിൽ നിന്നുകൊണ്ട് വിശകലനം ചെയ്യാൻ കഴിയാത്ത രീതിയിലാണ് മുന്നോട്ട് പോകുന്നത്. മാർക്സിസം, ഗാന്ധിസം, സോഷ്യലിസം, അംബേദ്കറിസം തുടങ്ങിയ പല തത്വശാസ്ത്രങ്ങളുടെയും അടിത്തറയിൽ നിന്നുകൊണ്ട് ജനകീയ സമരങ്ങളെ വിശകലനം ചെയ്യാൻ പലരും നടത്താറുള്ള ശ്രമങ്ങൾ ഇണങ്ങിച്ചേരാതെ പോകുന്നതായാണ് പലപ്പോഴും കാണുന്നത്. പരിസ്ഥിതി സമരങ്ങൾ പോലും നമ്മുടെ സങ്കൽപ്പത്തിലുള്ള ഹരിതരാഷ്ട്രീയത്തിൽ നിന്നും വ്യത്യസ്തമായ ധാരയിലായിരിക്കും ചലിക്കുന്നത്. അതാണ് സമരങ്ങളെ സാമാന്യവത്കരിക്കാൻ നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടാനുള്ള കാരണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പ്രാദേശികമായ ഒരുപാട് ഘടകങ്ങളെ ആശ്രയിച്ചാണ് സമരങ്ങളുടെ ബലതന്ത്രങ്ങൾ നിശ്ചയിക്കപ്പെടുന്നത്. പൊതുസമൂഹവുമായുള്ള സമരങ്ങളുടെ ബന്ധത്തിലും ഈ ഘടകങ്ങൾക്കനുസരിച്ച് വ്യത്യാസം വരും. വികസനത്തിന്റെയും പൊതുവിഭവങ്ങളുടെയും രാഷ്ട്രീയത്തിൽ നിന്നുകൊണ്ട് വിലയിരുത്തിയാൽ ജനകീയ സമരങ്ങൾ തമ്മിൽ ബന്ധമുണ്ടെന്ന് കാണാൻ കഴിയുമെങ്കിലും പ്രാദേശിക ഘടകങ്ങൾ പലപ്പോഴും അവയെ ഏകോപിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നതായാണ് അനുഭവപ്പെടുന്നത്. ഉദാഹരണമായി, ഒരു പരിസ്ഥിതി സമരത്തിൽ പുറത്ത് നിന്നുള്ള ഒരു പരിസ്ഥിതി പ്രവർത്തകൻ ഇടപെടുമ്പോൾ

ആ പ്രശ്നത്തെ കാണുന്ന രീതിയിലല്ല തദ്ദേശീയരായ സമരപ്രവർത്തകർ ആ പ്രശ്നത്തെ കാണുന്നത്. തദ്ദേശീയ സമൂഹത്തിന് ആ പ്രശ്നവുമായുള്ള കാര്യകാരണബന്ധത്തിൽ നിന്നും വ്യത്യസ്തമായിരിക്കും പുറത്തുനിന്നെത്തുന്നവരുടെ ഇടപെടലിന്റെ യുക്തി. ഈ പൊരുത്തക്കേടാണ് പലപ്പോഴും ഹൈജാക്ക് എന്ന പേരിൽ തെറ്റായി വ്യാഖ്യാനിക്കാറുള്ളത്. ഞാൻ പല സമരത്തിൽ ഇടപെടുമ്പോഴും ഈ വൈരുദ്ധ്യം എനിക്കും അനുഭവപ്പെടാറുണ്ട്. പരിസ്ഥിതി മലിനീകരിക്കുന്ന ഒരു വ്യവസായവും കേരളത്തിന് ആവശ്യമില്ലെന്നാണ് എന്റെ നിലപാട്. വെള്ളത്തിനും വായുവിനും ഏത് വ്യവസായത്തിനേക്കാളും പ്രാധാന്യമുണ്ട്. എന്നാൽ എന്റെ ആ രാഷ്ട്രീയം കാതിക്കുടത്ത് എൻ.ജി.ഐ.എൽ കമ്പനിക്കെതിരെ സമരം ചെയ്യുന്നവർ അതുപോലെ സ്വീകരിക്കണമെന്നില്ല. എന്റെ പാരിസ്ഥിതിക ബോധത്തിന് വിരുദ്ധമായിരിക്കാം അവരുടെ നിലപാട്. അവർക്ക് പുഴയിലേക്ക് മാലിന്യമൊഴുക്കുന്ന പൈപ്പ് എടുത്തുമാറ്റിയാൽ തൃപ്തരാകാൻ കഴിയുമായിരിക്കും.

എലൂർ ഉദാഹരണമായെടുക്കാം. അവിടെ കാതിക്കുടത്തേക്കാൾ രൂക്ഷമായ മലിനീകരണമുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുള്ള 250ൽ അധികം കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡും സുപ്രീം കോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റിയും വരെ അക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. എന്നിട്ടും പെരിയാർ മലിനീകരണ വിരുദ്ധ സമിതി ആ കമ്പനികളൊന്നും അടച്ചുപൂട്ടണമെന്ന നിലപാട് എടുത്തിട്ടില്ല. ആ വിഷയത്തിൽ ഇടപെടുമ്പോൾ എന്റെ നിലപാട് ആ കമ്പനികൾ അടച്ചുപൂട്ടണമെന്നതായിരുന്നു. എന്നാൽ സമരസമിതി എന്തുകൊണ്ട് ആ നിലപാട് എടുക്കുന്നില്ല എന്നു മനസ്സിലാക്കാനാണ് ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്റെ നിലപാട് അവരോട് പറയാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അത് അംഗീകരിക്കാതിരിക്കുന്നതിൽ അവരുടെതായ യുക്തി അവർക്കുണ്ടാകാം. ചിലപ്പോൾ ആ നിലപാടാകാം സമരത്തെ ഇപ്പോഴും നിലനിർത്തുന്നത്. കമ്പനികളിൽ ജോലി ചെയ്യുന്നവരും അവരുടെ ബന്ധുക്കളും ആ സമരത്തിൽ പങ്കെടുക്കുന്നത് അതുകൊണ്ടാകാം. എനിക്ക് വേണമെങ്കിൽ എന്റെ ശരിയിലേക്ക് നിങ്ങൾ വരുന്നില്ല എന്ന് പറഞ്ഞ് മാറിനിൽക്കാം. നിങ്ങൾ ഒത്തുതീർപ്പ് നടത്തുകയാണെന്ന് പരാതിപ്പെടാം. ശരിയായ സമരത്തെക്കുറിച്ചുള്ള എന്റെ സങ്കൽപ്പം ചിലപ്പോൾ അവിടെ സമരം ചെയ്യുന്നവരുടെ ശരിയാകണമെന്നില്ല. നമ്മുടെ അഭിപ്രായം നമുക്ക് അവരോട് പറയാം, തെറ്റുകൾ തിരുത്താൻ ശ്രമിക്കാം. എന്നാൽ സമരസമിതി തീരുമാനിക്കുന്ന സമരത്തിനൊപ്പം നിൽക്കുന്നതാണ് ശരി എന്നാണ് എനിക്ക് ബോധ്യമായിട്ടുള്ളത്.



സി.ആർ. നീലകണ്ഠൻ

പ്ലാച്ചിമട സമരത്തിൽ പല രാഷ്ട്രീയ പശ്ചാത്തലമുള്ളവർ പങ്കെടുത്തിട്ടുണ്ട്. സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയം, സ്വദേശി ഉത്പന്നങ്ങളുടെ രാഷ്ട്രീയം, ആദിവാസി രാഷ്ട്രീയം തുടങ്ങിയ പല രാഷ്ട്രീയാദർശങ്ങളിൽ നിന്നെല്ലാം പ്ലാച്ചിമടയിൽ പലരും എത്തിയിരുന്നു. എന്നാൽ അവിടെയെത്തുമ്പോൾ അവരെല്ലാം പ്ലാച്ചിമട സമരസമിതി ഉന്നയിക്കുന്ന രാഷ്ട്രീയത്തിനൊപ്പം നിന്നു എന്നതാണ് ആ സമരത്തെ മുന്നോട്ട് കൊണ്ടുപോയത്. സമരങ്ങൾക്ക് പൊതുസമൂഹവുമായുള്ള ഇത്തരം വൈരുദ്ധ്യങ്ങളാണ് ജനകീയ സമരങ്ങളെ ഏകോപിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

**ജനകീയ സമരസംഗമങ്ങളും സമരങ്ങളെ ഏകോപിപ്പിക്കാനുള്ള ശ്രമങ്ങളും കേരളത്തിൽ ഏറെ നടന്നിട്ടുണ്ട്. എന്നിട്ടും സമരങ്ങൾക്ക് അവരുന്നയിക്കുന്ന രാഷ്ട്രീയത്തിൽ നിന്നുകൊണ്ട് ഒരു പൊതുപരിപാടി സമൂഹത്തിന് മുന്നിൽ വയ്ക്കാൻ കഴി**

**യാതെ പോകുന്നില്ലേ?**

അങ്ങനെയൊരു പൊതുരാഷ്ട്രീയം നിർമ്മിക്കാൻ വേണ്ടിയായിരുന്നില്ല ഈ സമരങ്ങൾ തുടങ്ങിയത് എന്നതാണ് അവിടെയുള്ള തടസ്സം. മൂന്ന് സമരങ്ങളുടെ സംസ്ഥാന സമിതി ചെയർമാൻ എന്ന നിലയിലുള്ള അനുഭവം പറയാം. മൂന്നും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള സമരങ്ങളാണ്. ദേശീയപാത സംരക്ഷണ സമരം, ഗ്യാസ് പൈപ്പ് ലൈൻ വിരുദ്ധ സമരം, ഹൈസ്പീഡ് റയിൽ കോറിഡോർ വിരുദ്ധ സമരം എന്നിവയാണവ. മൂന്നിന്റെയും ചെയർമാൻ ഞാനായിരുന്നിട്ടു പോലും ഇവയെ ഒരുമിപ്പിക്കാൻ നടത്തിയ എന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയായിരുന്നു. അവരുടെ ഒരു യോഗം പോലും ഒരുമിച്ച് വിളിക്കാൻ കഴിഞ്ഞിട്ടില്ല. ഹൈസ്പീഡ് റെയിൽ കോറിഡോർ വേണ്ടെന്ന് പറയുന്ന പലരും എക്സ്പ്രസ് ഹൈവേയ്ക്ക് അനുകൂലമായിരിക്കും. തങ്ങളുടെ സ്ഥലത്തു കൂടെ പോകാതിരുന്നാൽ മതി അവർക്ക്. ഗ്യാസ് പൈപ്പ് ലൈനിന് വേണ്ടി കുടിയൊഴിപ്പക്കപ്പെടുന്നവർ ദേശീയപാത 45 മീറ്ററാക്കുന്നതിന് അനുകൂലമാണ്. എന്നാൽ സൂക്ഷ്മമായി നോക്കുകയാണെങ്കിൽ മൂലധന താത്പര്യങ്ങളുടെയും കുടിയൊഴിപ്പിക്കലിന്റെയുമെല്ലാം രാഷ്ട്രീയം ഇവരെ കണ്ണി ചേർക്കുന്നതായി കാണാം.

മൂലധന താത്പര്യങ്ങളോട് സന്ധിചെയ്തുകഴിഞ്ഞ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്ക് ജനകീയ സമരങ്ങളുടെ ഈ പൊതുരാഷ്ട്രീയവുമായി സംവദിക്കാൻ കഴിയില്ല. എന്നാൽ സമരം ചെയ്യുന്ന ജനങ്ങൾ പലരും ഇത്തരം മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ പരമ്പരാഗത വിശ്വാസികളായിരിക്കും. വീട് നഷ്ടപ്പെടുന്ന ഒരു പ്രശ്നത്തിൽ മാത്രമായിരിക്കും അവർക്ക് പാർട്ടിയോട് എതിർപ്പുള്ളത്. അതും ജനകീയ സമരങ്ങളുടെ പൊതുരാഷ്ട്രീയ രൂപീകരണത്തിന് തടസ്സമായി നിൽക്കുന്നു. നമ്മൾ ഉന്നയിക്കുന്ന പൊതുരാഷ്ട്രീയം ജനകീയ സമരങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നില്ല എന്നതുകൊണ്ടു തന്നെ ഉന്നയിക്കപ്പെട്ട ആ പൊതുരാഷ്ട്രീയത്തിന് എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്നുകൂടി ആലോചിക്കേണ്ടിയിരിക്കുന്നു.

> മുഖ്യധാരാ രാഷ്ട്രീയവുമായുള്ള ബന്ധത്തിലൂടെ പ്രശ്നം പരിഹരിക്കാൻ നടത്തുന്ന ശ്രമങ്ങളും സമരങ്ങളുടെ പൊതുരാഷ്ട്രീയ രൂപീകരണത്തിന് തടസ്സമാകുന്നുണ്ട്. കേരളത്തിൽ പുതിയൊരു വികസന പരിപ്രേക്ഷ്യമുണ്ടാക്കണമെന്ന് വിശ്വസിച്ച് മാമോദിസ മുങ്ങിയവരൊന്നുമല്ലല്ലോ ജനകീയ സമരങ്ങൾ തുടങ്ങുന്നത്. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾ നിർമ്മിച്ചിരിക്കുന്ന ശീലങ്ങളിൽ നിന്നും വരുന്നവരാണ് അവരിൽ മിക്കവരും

**പല രാഷ്ട്രീയ ധാരയിൽ നിന്നുള്ളവരാണ് സമരം ചെയ്യുന്നതെങ്കിലും ജനകീയ സമരങ്ങൾ ഉയർന്നുവരുമ്പോൾ സി.ആറിനെപ്പോലുള്ള സാമൂഹിക പ്രവർത്തകരെയാണല്ലോ ജനങ്ങൾ പലപ്പോഴും ആദ്യം വിളിക്കാറുള്ളത്?**

എന്നെ എന്തിനാണ് വിളിക്കുന്നതെന്ന് ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. പല സമരക്കാരോടും അക്കാര്യം ചോദിച്ചിട്ടുമുണ്ട്. അവരുടെ മറുപടികളിൽ നിന്നും എനിക്ക് ബോധ്യമായ കാര്യം, മുഖ്യധാരയുമായി ഈ സമരങ്ങളെ ബന്ധിപ്പിക്കാൻ കഴിയുന്ന ഒരാൾ എന്ന നിലയിലാണ് അവർ എന്നെ വിളിക്കുന്നതെന്നാണ്. മുഖ്യധാരാ രാഷ്ട്രീയത്തിൽ നിന്നുള്ള ആരുടെയെങ്കിലും ഇടപെടൽ നമ്മളെ രക്ഷിക്കുമെന്നാണ് പല സമരപ്രവർത്തകരും ഇപ്പോഴും കരുതുന്നത്. അവരുമായി ബന്ധിപ്പിക്കാനുള്ള ഉപാധിയായാണ് പലപ്പോഴും എന്നെ സമരത്തിലേക്ക് വിളിക്കാറുള്ളത്. മുഖ്യധാരാ രാഷ്ട്രീയവുമായുള്ള ബന്ധത്തിലൂടെ പ്രശ്നം പരിഹരിക്കാൻ നടത്തുന്ന ശ്രമങ്ങളും സമരങ്ങളുടെ പൊതുരാഷ്ട്രീയ രൂപീകരണത്തിന് തടസ്സമാകുന്നുണ്ട്. കേരളത്തിൽ പുതിയൊരു വികസന പരിപ്രേക്ഷ്യമുണ്ടാക്കണമെന്ന് വിശ്വസിച്ച് മാമോദിസ മുങ്ങിയവരൊന്നുമല്ലല്ലോ ജനകീയ സമരങ്ങൾ തുടങ്ങുന്നത്. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾ നിർമ്മിച്ചിരിക്കുന്ന ശീലങ്ങളിൽ നിന്നും വരുന്നവരാണ് അവരിൽ മിക്കവരും. അവർ നടത്തുന്ന സമരങ്ങളെ ഏകോപിപ്പിച്ച് പൊതുരാഷ്ട്രീയം നിർമ്മിക്കുക എന്നത് ശ്രമകരമായ കാര്യമാണ്. അതിന് ആദ്യം ജനങ്ങളെയും അവരുടെ സമരങ്ങളെയും നമ്മൾ വിശദമായി അറിയുകയാണ്/പഠിക്കുകയാണ് വേണ്ടത്.

അവരെ രാഷ്ട്രീയവത്കരിക്കണമെങ്കിൽ എത് രാഷ്ട്രീയത്തിനാണ് നമ്മൾ ഊന്നൽ നൽകേണ്ടതെന്നതും പ്രധാനമാണ്. മൂലധന വിരുദ്ധ–സുസ്ഥിര വികസന രാഷ്ട്രീയമെന്നെല്ലാം വളരെ അമൂർത്തമായി പറയാം. എന്നാൽ, രാഷ്ട്രീയമെന്നാൽ പാർട്ടിക്കൊപ്പം നിന്നാൽ കിട്ടുന്ന ആനുകൂല്യങ്ങളാണെന്നാണ് മുഖ്യധാരാ കക്ഷികൾ ജനങ്ങളെ പഠിപ്പിച്ചിരിക്കുന്നത്. ആ അന്തരങ്ങളെല്ലാം മനസ്സി

⇨ *ജനകീയ സമരങ്ങൾ മിക്കതും വ്യവസ്ഥയെ മാറ്റിത്തീർക്കുക എന്ന ലക്ഷ്യത്തോടെ ഉയർന്നുവന്നവയല്ല* ⇨



ചെങ്ങറ ഭൂസമരവേദി

ലാക്കി മുന്നോട്ട് പോയാൽ മാത്രമെ ജനകീയ സമരങ്ങളുടെ പൊതുരാഷ്ട്രീയ രൂപീകരണം എന്ന ശ്രമകരമായ ദൗത്യം നിർവഹിക്കാൻ കഴിയൂ. സമരങ്ങൾക്ക് യോജിക്കാത്ത ഒരു പൊതുരാഷ്ട്രീയം അവയിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്. ഐക്യത്തിന്റെ സാധ്യതകൾ എങ്ങനെയെല്ലാമെന്ന് കൂടുതൽ ആലോചിച്ച് കണ്ടെത്തേണ്ടതുണ്ട്.

**ആഗോള മുതലാളിത്തത്തിന്റെയും ഉദാരവത്കരണത്തിന്റെയുമെല്ലാം ദുരിതങ്ങൾ ഇന്ന് അമൂർത്തമായ കാര്യങ്ങളല്ല. ജനങ്ങൾക്ക് അവരുടെ ജീവിതത്തെ നേരിട്ട് ബാധിക്കുന്നതായി പലതും അനുഭവപ്പെടുന്നുണ്ട്. സി.ആർ പറഞ്ഞതുപോലെ, മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ നിർമ്മിച്ചിരിക്കുന്ന ശീലങ്ങളിൽ മാത്രം കുടുങ്ങിക്കിടക്കുന്നവരാണോ ഇപ്പോഴും അവർ? ജനകീയ സമരങ്ങൾക്ക് വിശാലമായ രാഷ്ട്രീയമുണ്ടെന്ന് സ്വന്തം അനുഭവങ്ങളിൽ നിന്നും ഇപ്പോൾ ജനങ്ങൾക്ക് മനസ്സിലാകുന്നില്ലേ?**

പ്രശ്നങ്ങൾ പലതും നേരിട്ട് അനുഭവിക്കേണ്ടിവരുന്നു എന്നത് ശരിയാണ്. എന്നാൽ ജനകീയ സമരപ്രവർത്തകർ തങ്ങളുടെ സമരത്തിലേക്ക് ആ അനുഭവങ്ങളെ എത്രത്തോളം സ്വാംശീകരിച്ചിട്ടുണ്ട് എന്നതിൽ ഞാൻ സംശയാലുവാണ്. കാരണം, ഹൈസ്പീഡ് റെയിൽ കോറിഡോർ വിരുദ്ധ സമരക്കാർ എറണാകുളത്ത് പലപ്പോഴും മീറ്റിംഗിനെത്തുമ്പോൾ മീറ്റിംഗ് കഴിഞ്ഞാലുടൻ യൂസഫലിയുടെ ഷോപ്പിംഗ് മാളിൽ പോകാൻ തിരക്കുകൂട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട്. ആഗോളവത്കരണ വിരുദ്ധ സമരമാണ് നിങ്ങൾ ചെയ്യുന്നതെന്ന് അവരോട് പറഞ്ഞാൽ എത്രത്തോളം അവർ അതിനെ ഉൾക്കൊള്ളും എന്നകാര്യത്തിൽ എനിക്ക് സംശയമുണ്ട്.

**സമരപ്രവർത്തകർ പലപ്പോഴും മുഖ്യധാരയിലേക്ക് അവരുടെ പ്രശ്നത്തെ എത്തിക്കാൻ കഴിയുന്ന ഒരു മീഡിയേറ്റർ എന്ന നിലയ്ക്ക് സി.ആറിനെ വിളിക്കാറുണ്ടെന്ന് പറഞ്ഞു. സി.ആറിനെതിരെ പലപ്പോഴും ഉയർന്നുവരുന്ന വിമർശനത്തിന്റെയും കാതൽ അവിടെതന്നെയാണ്. സമരങ്ങൾ ഒത്തുതീർക്കുന്നതിനായി സി.ആറിന്റെ മധ്യസ്ഥത്തിൽ ചർച്ചകൾ നടക്കുകയും സമരം പാതിവഴിയിൽ വച്ച് അവസാനിപ്പിക്കുന്നതായും വിമർശനമുണ്ടായിട്ടുണ്ട്. സി.ആറിന് സ്വാധീനമുള്ള സുധീരനോ വി.എസ്സോ ആയിരിക്കാം മറുവശത്ത്. അങ്ങനെയുള്ള ഒത്തുതീർപ്പുകൾ താങ്കളുടെ മുൻകൈയിൽ നടക്കുന്നുണ്ടോ?**

ജനകീയ സമരങ്ങൾ മിക്കതും വ്യവസ്ഥയെ മാറ്റിത്തീർക്കുക എന്ന ലക്ഷ്യത്തോടെ ഉയർന്നുവന്നവയല്ല. വളരെ പ്രാദേശികമായി അനുഭവപ്പെടുന്ന ഒരു പ്രശ്നത്തിന്റെ പേരിലായിരിക്കും ജനങ്ങൾ സംഘടിച്ചത്. സമരത്തിന്റെ തീവ്രതയെക്കുറിച്ച് എനിക്കുള്ള ധാരണയല്ല പലപ്പോഴും സമരം ചെയ്യുന്നവർക്കുണ്ടായിരിക്കുന്നത്. പ്രശ്നം താത്കാലികമായെങ്കിലും പരിഹരിക്കപ്പെടുക എന്നതായിരിക്കാം അവർക്ക് പ്രധാനം. അതുകൊണ്ടാണ് അധികാരം കയ്യിലുള്ള, തീരുമാനങ്ങളെടുക്കാൻ ബാധ്യസ്ഥരായ സംവിധാനങ്ങളോടും അവയെ നിയന്ത്രിക്കുന്ന രാഷ്ട്രീയ കക്ഷികളോടും ജനകീയ സമരങ്ങൾക്ക് നിരന്തരം സംഭാഷണം നടത്തേണ്ടിവരുന്നത്. ചില ഒത്തുതീർപ്പുകളുണ്ടാകാൻ വേണ്ടിയാണ് സമരങ്ങളെല്ലാം തുടങ്ങിയിട്ടുള്ളത്.

**പക്ഷെ, അത്തരം ഒത്തുതീർപ്പുകൾ പലപ്പോഴും സമരം തുടങ്ങുമ്പോൾ ഉണ്ടായിരുന്ന ലക്ഷ്യങ്ങളെപ്പോലും അട്ടിമറിക്കുന്നതായി കാണാറുണ്ടല്ലോ? ഉദാഹരണമായി ചെങ്ങറ, മൂലമ്പിള്ളി പാക്കേജുകൾ?**

ചെങ്ങറ സമാനതകളില്ലാത്ത സമരമാണ്. ഹൈക്കോടതി ഉത്തരവുണ്ടായിട്ടും പോലീസ് ആക്ഷൻ സാധ്യമാകാതെ പോയ സ്ഥലമാണത്. സി.പി.എം അടുത്തിടെ ഭൂസമരം നടത്തി അമ്പേ പരാജയപ്പെടുകകൂടി ചെയ്തതോടെ ചെങ്ങറ സമരത്തിന്റെ പ്രാധാന്യം വർദ്ധിക്കുകയാണുണ്ടായത്. പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റ് ഭൂമിയിൽ കയറുകയും 500ൽ അധികം കുടുംബങ്ങൾക്ക് ആ ഭൂമിയിൽ കൃഷിചെയ്ത് ജീവിക്കാനുള്ള സൗകര്യം സ്വയം നേടിയെടുക്കുകയും ചെയ്തു എന്നതാണ് ചെങ്ങറയെ സവിശേഷമാക്കുന്നത്. സർക്കാർ കൊടുത്ത ഭൂമിയിലല്ല, അവർ കയറിയ ഭൂമിയിലാണ് അവർ കൃഷിചെയ്യുന്നത്. കയ്യേറിയ ഭൂമിയിൽ കൃഷി ചെയ്യാനുള്ള സാഹചര്യം ഇതിന് മുമ്പ് കേരളത്തിൽ ലഭിച്ചിട്ടുള്ളത് കേരള കോൺഗ്രസിന്റെ പിന്തുണയോടെ ഭൂമി വെട്ടിപ്പിടിച്ച മധ്യവർഗ്ഗ കുടിയേറ്റക്കാർക്ക് മാത്രമാണ്.

ചെങ്ങറ പാക്കേജ് വഴി ഭൂമി കിട്ടിയവർക്ക് പ്രശ്നങ്ങളുണ്ടായിട്ടുണ്ടാകാം. പാക്കേജ് അംഗീകരിക്കരുതെന്ന് സമരസമിതി അന്നേ പറഞ്ഞിരുന്നതാണ്. സമരമുന്നയിച്ച ആവശ്യത്തിനനുസരിച്ചുള്ള ഭൂമി പാക്കേജ് പ്രകാരം കിട്ടിയില്ല. കിട്ടിയത് പലതും നല്ല ഭൂമിയല്ല. എന്നാലും ഭൂരഹിതരായവർക്ക് കൃഷിഭൂമി നൽകണം എന്ന തീരുമാനം സമരത്തെത്തുടർന്നുണ്ടായി എന്നത് പ്രധാനപ്പെട്ട സംഭവമാണ്. പാക്കേജ് അംഗീകരിക്കാതെ ചെങ്ങറയിൽ തന്നെ തുടർന്നവർ ഹാരിസൺ മുതലാളിയുടെ കൈവശമുണ്ടായിരുന്ന പട്ടയ ഭൂമി വീതിച്ചെടുത്ത് കൃഷി ചെയ്ത് കഴിയുന്നു എന്നതും വിജയമാണ്. പൂർണ്ണമായ അർത്ഥത്തിൽ സമരം ഉന്നയിച്ച കാര്യങ്ങൾ എല്ലാം പരിഗണിക്കപ്പെട്ടോ എന്ന് ചോദിച്ചാൽ എത് സമരമാണ് വിജയിച്ചതായി പറയാൻ കഴിയുന്നത്? പുന്നപ്ര-വയലാർ സമരം പോലും പരാജയപ്പെട്ട സമരമായിരുന്നു, 10 വർഷം കഴിഞ്ഞ് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നതുവരെ. ജനകീയ സമരങ്ങളുടെ വിജയവും പരാജയവും അത്തരത്തിൽ വിലയിരുത്താൻ കഴിയില്ല.

**സർക്കാറുമായി സി.ആർ മുൻകൈയെടുത്ത് നടത്തുന്ന ഒത്തുതീർപ്പ് ചർച്ചകളിൽ സമരങ്ങളുടെ ആവശ്യങ്ങൾ ലഘൂകരിക്കപ്പെടുന്നുണ്ടോ? ചർച്ചകളിൽ പൊതുവായി അംഗീകരിക്കുന്ന പാക്കേജുകൾ പലതും ഫലത്തിൽ നടപ്പിലാകാതെ പോകുന്നുണ്ടല്ലോ? ഉദാഹരണമായി മൂലമ്പിള്ളി പാക്കേജ്?**

ചെങ്ങറ സമരം തുടങ്ങുമ്പോൾ കേരളത്തിൽ ആരും കരുതിയതല്ല അത് വിജയിക്കുമെന്ന്. ആദിവാസി ഭൂമിപ്രശ്നത്തിൽ നിന്നും വ്യത്യസ്തമാണ് ചെങ്ങറ. ആദിവാസികൾക്ക് ഭൂമിയുടെ മേൽ നിയമപരമായ അവകാശമുണ്ട്. എന്നാൽ അതുപോലുമില്ലാത്ത ദളിത് വിഭാഗങ്ങളാണ് ചെങ്ങറയിൽ സമരം ചെയ്തിരുന്നത്. മൂന്ന് സെന്റിലും അഞ്ച് സെന്റിലും സർക്കാർ സെറ്റിൽ ചെയ്തിരുന്നവർ കൃഷിഭൂമി ആവശ്യപ്പെട്ട് നടത്തിയ സമരമാണത്. ദളിത് വിഭാഗത്തിന് കൃഷി ഭൂമിയുടെ മേൽ അവകാശമുണ്ടെന്ന് പൊതുസമൂഹത്തെക്കൊണ്ട് ഏറെക്കുറെ അംഗീകരിപ്പിക്കാൻ കഴിഞ്ഞത് ചെങ്ങറ സമരത്തിനാണ്. ചെങ്ങറയ്ക്ക് പറ്റിയ പാളിച്ചകൾ ശ്രീരാമൻ കൊയ്യോൻ അരിപ്പയിൽ പരിഹരിക്കട്ടെ. അങ്ങനെയാണ് വേണ്ടത്. അല്ലാതെ ചെങ്ങറ പരാജയമാണെന്ന് വിലയിരുത്തുന്നത് തെറ്റാണ്.

മൂലമ്പിള്ളിയിലാകട്ടെ, അവർക്ക് ഭൂമി ചോദിക്കാൻ കുറച്ചുകൂടി അവകാശമുണ്ടായിരുന്നു. കാരണം വീട്ടിൽ നിന്നും വലിച്ചിറക്കിയാണ് സർക്കാർ അവരുടെ ഭൂമി ഏറ്റെടുത്തത്. മൂലമ്പിള്ളി പാക്കേജ് പ്രകാരം കഴിഞ്ഞ അഞ്ചര വർഷമായി 5000 രൂപ മൂലമ്പിള്ളിക്കാർക്ക് വാടകയായി കിട്ടിക്കൊണ്ടിരിക്കുകയാണ്. ആ രീതിയിൽ മൂലമ്പിള്ളി പാക്കേജ് ഒരു വിജയമാണ്. പാക്കേജ് പ്രകാരമുള്ള വ്യവസ്ഥകൾ പൂർത്തീകരിച്ച് അവരെ പുനരധിവസിപ്പിക്കാൻ കഴിയാത്തത് മറ്റ് പ്രശ്നങ്ങളാലാണ്. ഉദ്യോഗസ്ഥ സംവിധാനങ്ങളുടെയെല്ലാം അപാകതയാണ് അതിന് തടസ്സമായി നിൽക്കുന്നത്. കുടിയൊഴിപ്പിക്കപ്പെട്ടതുകൊണ്ട് മാത്രം ഉണ്ടായ പാക്കേജല്ല ഇത്. 42 ദിവസം മേനക ജംഗ്ഷനിൽ സമരം ചെയ്തതിനെ തുടർന്നുണ്ടായ പാക്കേജാണത്. മൂന്ന് സെന്റ് കൊടുക്കാനാണ് ആദ്യം തീരുമാനമുണ്ടായത്. അത് അഞ്ച് മുതൽ ആറ് സെന്റ് വരെ ആക്കി മാറ്റുന്നതിനായി സമ്മർദ്ദം നടത്തിയിട്ടുണ്ട്. സ്വാധീനം ഉപയോഗിച്ചിട്ടുണ്ട്. അതെല്ലാം സമരത്തിന്റെ ഭാഗം തന്നെയാണെന്നാണ് ഞാൻ കരുതുന്നത്. അല്ലാതെ മൂലമ്പിള്ളിക്കാരുടെ മേനക സമരത്തിന് ഒത്തുതീർപ്പുണ്ടാക്കി അവസാനിപ്പിക്കുകയായിരുന്നില്ല. അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭൂമിയെല്ലാം കണ്ടെത്തിയിട്ടുണ്ട്. അവിടെക്കുള്ള റോഡിന്റെ പണിപൂർത്തിയാകാത്തതാണ് ഇപ്പോഴത്തെ ത

*⇨ എഴുന്നേറ്റ് നടക്കാൻ കഴിയാത്ത വെറോണിക്ക ടീച്ചറും ആഗ്നസ് ചേച്ചിയുമൊന്നും നടത്തേണ്ട സമരമല്ലത് ⇨*

ടസ്സം. വല്ലാർപ്പാടം ടെർമിനലിലേക്കുള്ള റോഡിന്റെ പണിപോലും ഇപ്പോഴും പൂർത്തിയാക്കാൻ കഴിയാത്ത സർക്കാറിന് പുനരധിവാസ ഭൂമിയിലേക്കുള്ള റോഡുപണി എങ്ങനെയാണ് വേഗത്തിലാക്കാൻ കഴിയുന്നത്? പിന്നെ പാക്കേജ് പ്രകാരം ഭൂമി ലഭിച്ച പലർക്കും വീട് വയ്ക്കാൻ കഴിയാത്തതിന് പിന്നിൽ അവരുടെ സാമ്പത്തിക സ്ഥിതികൂടി കാരണമായിട്ടുണ്ട്. ദളിത് വിഭാഗത്തിൽപ്പെട്ട സുഭദ്രചേച്ചിക്ക് വീട് വയ്ക്കാൻ കഴിയാതെ മരിക്കേണ്ടിവന്നു. സാമ്പത്തിക സ്ഥിതി മോശമായതിനാൽ സർക്കാർ കൊടുത്ത കാശെല്ലാം അവർക്ക് മറ്റ് പല ആവശ്യങ്ങൾക്കുമായി ഉപയോഗിക്കേണ്ടിവന്നു.



മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ മൂലമ്പിള്ളി പാക്കേജിൽ ഒപ്പുവയ്ക്കുന്നു

ബി.ഒ.ടി പദ്ധതിയായ വല്ലാർപ്പാടം ട്രാൻഷിപ്പ്മെന്റ് ടെർമിനലിനെതിരെ മൂലമ്പിള്ളിക്കാർ സമരം ചെയ്യേണ്ടതായിരുന്നു എന്ന് പറയുന്നവരുണ്ട്. മൂലമ്പിള്ളിക്കാരുടെ സ്ഥിതി അതായിരുന്നില്ല. എഴുന്നേറ്റ് നടക്കാൻ കഴിയാത്ത വെറോണിക്ക ടീച്ചറും ആഗ്നസ് ചേച്ചിയുമൊന്നും നടത്തേണ്ട സമരമല്ലത്. അതിന് ശേഷിയുള്ള ധാരാളം സംഘടനകൾ കേരളത്തിലുണ്ട്. അവർ നടത്തേണ്ട സമരമാണ്. മൂലമ്പിള്ളിക്കാർ മേനകയിൽ സമരം ചെയ്തതുപോലും ഏറെ പ്രയാസങ്ങൾക്ക് നടുവിൽ നിന്നുകൊണ്ടാണ്. അവരുടെ ആ സഹനസമരമാണ് വികസനപദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് വേണ്ടി കേരള ചരിത്രത്തിൽ ആദ്യമായി മാന്യമായ ഒരു പാക്കേജ് യാഥാർഥ്യമാക്കിയത്. സർക്കാറുമായി നടത്തിയ ചർച്ചയിൽ ഒരു ഒത്തുതീർപ്പ് ഫോർമുലയുണ്ടായതുകൊണ്ടാണ് അത് സംഭവിച്ചത്.

**ഫലപ്രദമായ ഒത്തുതീർപ്പ് എന്നത് ജനകീയസമരങ്ങളുടെ പൊതുരാഷ്ട്രീയത്തിന് സ്വീകാര്യത ലഭിക്കുന്ന തരത്തിലുള്ളതാകേണ്ടേ? സി.ആറിനെപ്പോലെയുള്ള സാമൂഹിക പ്രവർത്തകരുടെ ബാധ്യത അതല്ലേ? അല്ലെങ്കിൽ സമരങ്ങൾ അവസാനിക്കുകയും സമരമുണ്ടാകാനുള്ള കാരണങ്ങൾ സമൂഹത്തിൽ തുടരുകയും ചെയ്യില്ലേ?**

ജനകീയ സമരങ്ങളുടെ പൊതുരാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നതിനായി മൂലമ്പിള്ളി ഒത്തുതീർപ്പ് നീട്ടിവയ്ക്കാൻ കഴിയില്ല. സമരങ്ങളുടെ പൊതുരാഷ്ട്രീയത്തിന് ഡാമേജ് ഉണ്ടാകാതിരിക്കാൻ വേണ്ടി അവരെ ബലികൊടുക്കാൻ കഴിയില്ല. കുടിയൊഴിപ്പിക്കപ്പെട്ടതിനെ തുടർന്ന് മൂലമ്പിള്ളിക്കാർ നടത്തിയ സമരത്തിൽ ഇതല്ലാതെ എന്തായിരുന്നു മറ്റ് സാധ്യതകൾ? ഞാൻ ഒരു സംവാദത്തിന് വേണ്ടി ചോദിക്കുകയാണ്. മേനകയിലെ സമരപന്തലിൽ വച്ച് അവരുടെ ദൈനംദിന ബുദ്ധിമുട്ടുകൾ നേരിൽ കണ്ടിരുന്ന ഒരാളെന്ന നിലയിൽ എന്റെ തീരുമാനങ്ങൾക്ക് ചിലപ്പോൾ സമവായത്തിന്റെ സ്വാഭാവമുണ്ടാകാം. അല്ലാത്ത സാധ്യതകൾ മേനകയിലെ സമരപന്തലിൽ എത്താതിരുന്നവർക്ക് ആലോചിക്കാമായിരുന്നു. കുടിയിറക്കപ്പെട്ടവർക്ക് കയറിക്കിടക്കാൻ ഒരിടമുണ്ടാകുക എന്നതായിരുന്നു അന്ന് എന്റെ മുന്നിലുണ്ടായിരുന്ന പ്രധാന പ്രശ്നം. ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ആന്റ് റീഹാബിലിറ്റേഷൻ ആക്ട് പാർലമെന്റിന്റെ പരിഗണനയിലാണ്. അതുകൂടി തീരുമാനമായ ശേഷം മൂലമ്പിള്ളി സമരം അവസാനിപ്പിച്ചാൽ മതി എന്ന് തീരുമാനിക്കാമായിരുന്നു. എന്നാൽ മൂലമ്പിള്ളിക്കാരുടെ സ്ഥിതി അതായിരുന്നില്ല.

ചെങ്ങറ, മൂലമ്പിള്ളി പാക്കേജുകൾ ശരിയായില്ല എന്ന് പറയുന്നവർക്ക് അതിലെ ന്യൂനതകൾ പരിഹരിക്കുന്നതരത്തിൽ വേറെ സമരം നടത്താമായിരുന്നു. അതാണല്ലോ ഇപ്പോൾ അരിപ്പയിൽ നടക്കുന്നത്. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ കേരളത്തിൽ ഇനിയുമേറെയുണ്ട്. ആർക്കുവേണമെങ്കിലും കയ്യേറാം. ഇതിലും നല്ല ഒത്തുതീർപ്പുകൾ സാധ്യമാക്കാം. അതാണ് ചെങ്ങറ സമരത്തിന് കേരള ചരിത്രത്തിലുള്ള പ്രാധാന്യം. സെലീന പ്രക്കാനം പറയുന്നതുപോലെ ളാഹാ ഗോപാലൻ ഏകാധിപതിയായിരിക്കാം. എന്നാൽ അതൊന്നും ചെങ്ങറ സമരത്തിന്റെ രാഷ്ട്രീയ പ്രധാന്യത്തെ കെടുത്തിക്കളയുന്ന പ്രശ്നങ്ങളല്ല.

**ലക്ഷ്യത്തിലെത്താൻ പ്രയാസമാണ് എന്നതുകൊണ്ട് സമരത്തിന്റെ മുദ്രാവാക്യങ്ങളെ പ്രാപ്യമായ രീതിയിലേക്ക് മാറ്റിയെടുക്കുന്നത് ജനകീയ സമരങ്ങൾക്ക് യോജിച്ച രീതിയാണോ?**

കൊച്ചി തുറമുഖത്തിന്റെ വിൽപ്പനയാണ് വല്ലാർപ്പാടം ടെർമിനൽ യാഥാർത്ഥ്യമായാൽ സംഭവിക്കുന്നതെന്ന് എനിക്കറിയാമായിരുന്നു. പക്ഷെ അത്തരത്തിലുള്ള ഒരു സമരം ടെർമിനലിനെതിരെ ഉയർന്നുവന്നില്ല. എങ്കിൽ ഞാനും അതിന്റെ ഭാഗമാകുമായിരുന്നു. നിരവധി കുടുംബങ്ങളെ പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കാൻ തീരുമാനിച്ചപ്പോൾ അവർ അതിനെതിരെ പ്രതിഷേധവുമായി രംഗത്തുവന്നു. അപ്പോഴാണ് വല്ലാർപ്പാടം ടെർമിനലിന്റെ പ്രശ്നം പോലും പറയാൻ ഒരിടമുണ്ടായത്. മാന്യമായ പുനരധിവാസം എന്നതായിരുന്നു അവരുടെ സമരലക്ഷ്യം. വല്ലാർപ്പാടം ടെർമിനലിനെതിരെയുള്ള ഒരു സമരം ഉയർത്തിക്കൊണ്ടുവരാൻ പല സംഘങ്ങൾക്കും ആ സമയത്ത് സാധ്യതയുണ്ടായിരുന്നു. കൊച്ചിൻ പോർട്ടിലെ തൊഴിലാളികൾ പോലും ടെർമിനൽ യാഥാർത്ഥ്യമായതോടെ അവരുടെ തൊഴിൽ നഷ്ടമാകാൻ തുടങ്ങി എന്നുകണ്ടപ്പോഴാണ് സമരവുമായി രംഗത്തെത്തിയത്.

എന്തായാലും കുടിയൊഴിപ്പിക്കപ്പെടുന്നവർ സമരവുമായി രംഗത്തെത്തിയാൽ അവർക്ക് മാന്യമായ പുനരധിവാസം ഉറപ്പാക്കുക എന്നതിന് തന്നെയാണ് മുൻഗണന വേണ്ടത്. കുടിയൊഴിപ്പിക്കപ്പെടുന്നവർ ബി.ഒ.ടിയുടെ പ്രശ്നവും പാരിസ്ഥിതിക പ്രശ്നവും ഉന്നയിക്കണമെന്നില്ല. ബോധ്യപ്പെടുത്തിയാലും ആ കുടുംബങ്ങൾ ആ മുദ്രാവാക്യത്തിലേക്ക് ചിലപ്പോൾ എത്തണമെന്നില്ല. 326 കുടുംബങ്ങളെയാണ് ആകെ ഒഴിപ്പിക്കാൻ തീരുമാനിച്ചത്. അതിൽ 240 കുടുംബങ്ങൾ എതിർപ്പുകളൊന്നുമില്ലാതെ ഒഴിഞ്ഞുപോയി. 86 കുടുംബങ്ങൾ മാത്രമാണ് മാന്യമായ പുനരധിവാസം ആവശ്യപ്പെട്ട് കുടിയൊഴിപ്പിക്കലിനെ എതിർത്തത്. എന്നാൽ അതിൽതന്നെ, മൂലമ്പിള്ളിയിലെ പത്ത് കുടുംബങ്ങൾ മാത്രമാണ് പോലീസ് ഒഴിപ്പിക്കാൻ വന്നിട്ടുപോലും വീട്ടിൽ നിന്നും ഇറങ്ങാൻ തയ്യാറാകാതെ പ്രതിരോധിച്ചത്. പ്രതിരോധിക്കാൻ തയ്യാറായ 10 കുടുംബങ്ങളെ മുൻനിർത്തിയാണ് നമുക്ക് ഇത്രയെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞത്. എല്ലാവരും കിട്ടുന്നകാശും വാങ്ങി ഭൂമി ഒഴിഞ്ഞുകൊടുക്കാൻ തയ്യാറാകുമായിരുന്നെങ്കിൽ വല്ലാർപ്പാടം ടെർമിനലിന്റെ പ്രശ്നങ്ങൾ ഇത്രപോലും ഉന്നയിക്കപ്പെടാനുള്ള സാധ്യത കേരളത്തിൽ ഉണ്ടാകുമായിരുന്നില്ല.

പുനരധിവാസം മാത്രമായിരുന്നോ ശരിയായ മുദ്രാവാക്യം എന്നുചോദിച്ചാൽ എനിക്കും അതിൽ അഭിപ്രായ ഭിന്നതയുണ്ട്. ശരിയായ നിലപാടുകൾ ശരിയായി തന്നെ നിലനിർത്താൻ എളുപ്പമാണ്. പ്രായോഗികമായി ചെയ്തു തുടങ്ങുമ്പോഴാണ് പലതും തെറ്റുന്നത്. മുഖ്യമന്ത്രി രാജിവയ്ക്കില്ലെന്ന് ഉറപ്പുണ്ടായിട്ടുതന്നെയാണ് സി.പി.എം സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തിയത്. എന്തായാലും ആ സമരത്തിനുണ്ടായ സ്ഥിതി കേരളത്തിലെ ജനകീയ സമരങ്ങൾക്കുണ്ടായിട്ടില്ല.

**ഒരുവശത്ത് ജനകീയ സമരങ്ങൾ എന്ന് ആവേശപൂർവ്വം പൊതുവായി പറയുകയും പ്രായോഗിക പ്രശ്നങ്ങൾ പറഞ്ഞുകൊണ്ട് പൊതുവായ രാഷ്ട്രീയത്തിലേക്ക് അവയെ വികസിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് സാമൂഹിക പ്രവർത്തകർക്ക് അഭികാമ്യമാണോ?**

ഭൗതിക സാഹചര്യങ്ങളെ പരിഗണിക്കാതിരിക്കാൻ കഴിയില്ല. ഏത് സാമൂഹിക വ്യവസ്ഥിതിയിൽ നിന്നുകൊണ്ടാണ് നമ്മൾ സമരം ചെയ്യുന്നത് എന്ന് മനസ്സിലാക്കണം. ഉദാഹരണമായി, ടോൾവിരുദ്ധ സമരവുമായി ബന്ധപ്പെട്ട് എട്ട് കേസുകൾ ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ആറന്മുള വിമാനത്താവള വിരുദ്ധ സമരവുമായി ബന്ധപ്പെട്ട നാല് കേസുണ്ട്. പാറമട പ്രശ്ങ്ങളുമായി ബന്ധപ്പെട്ട് 14 കേസും. ഈ കേസുകളൊന്നും കോടതി ബോധപൂർവ്വം സമയത്ത് പരിഗണിക്കാറില്ല. ഭരണകൂടത്തിന്റെ ഭാഗത്ത് നിന്നും പരിഹാരമുണ്ടാകാതെ വരുമ്പോഴാണ് കോടതിയെ സമീപിക്കുന്നത്. അവിടെയുള്ള സ്ഥിതിയും വ്യത്യസ്ഥമല്ല. ഉദ്യോഗസ്ഥവൃന്ദവും ഭരണസ്ഥാപനങ്ങളും കോടതികളുമെല്ലാം

മൂലമ്പിള്ളിയിലെ പത്ത് കുടുംബങ്ങൾ മാത്രമാണ് പോലീസ് ഒഴിപ്പിക്കാൻ വന്നിട്ടുപോലും വീട്ടിൽ നിന്നും ഇറങ്ങാൻ തയ്യാറാകാതെ പ്രതിരോധിച്ചത്. പ്രതിരോധിക്കാൻ തയ്യാറായ 10 കുടുംബങ്ങളെ മുൻനിർത്തിയാണ് നമുക്ക് ഇത്രയെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞത്. എല്ലാവരും കിട്ടുന്നകാശും വാങ്ങി ഭൂമി ഒഴിഞ്ഞുകൊടുക്കാൻ തയ്യാറാകുമായിരുന്നെങ്കിൽ വല്ലാർപ്പാടം ടെർമിനലിന്റെ പ്രശ്നങ്ങൾ ഇത്രപോലും ഉന്നയിക്കപ്പെടാനുള്ള സാധ്യത കേരളത്തിൽ ഉണ്ടാകുമായിരുന്നില്ല

എതിരാകുമ്പോഴാണ് അതിജീവനത്തിനായുള്ള ഒത്തുതീർപ്പുകൾക്ക് പലരും സജ്ജരാകുന്നത്. ക്വാറികളിലെ നിരന്തരമായ സ്ഫോടനം കാരണം കിടന്നുറങ്ങാൻ കഴിയാത്ത സ്ഥിതിയുണ്ടാകുമ്പോൾ പെട്ടെന്ന് ഒരു സ്റ്റോപ്പ് മെമ്മോ കിട്ടുന്നതിനായി അവർ അടുപ്പമുള്ള രാഷ്ട്രീയക്കാരെയെല്ലാം സമീപിച്ചെന്നിരിക്കും. അല്ലെങ്കിൽ കിടന്നുറങ്ങാൻ കഴിയില്ല. ക്വാറികളുടെ കാര്യത്തിൽ സർക്കാറിന്റെ ഭാഗത്ത് നിന്നും ഒരു പൊതുനയമുണ്ടാകുന്നതുവരെ അവർക്ക് സമരം ചെയ്യാൻ കഴിയണമെന്നില്ല. കാരണം ആ കാലതാമസത്തിനിടയിൽ അവർ ജീവിച്ചിരിക്കണമെന്നില്ല.

സമരമുന്നയിച്ച ലക്ഷ്യങ്ങളെല്ലാം പൂർത്തീകരിച്ചതുകൊണ്ടല്ല പല ജനകീയ സമരങ്ങളും വിജയമാകുന്നത്. ജലമൂറ്റുന്ന ഒരു കുപ്പിവെള്ളകമ്പനിക്ക് അത്രയെളുപ്പത്തിൽ കേരളത്തിലേക്ക് വരാൻ കഴിയില്ല എന്നതാണ് പ്ലാച്ചിമട സമരത്തിന്റെ നേട്ടം. ഭൂഗർഭജല ചൂഷണത്തിനെതിരെയുള്ള സമരങ്ങളെല്ലാം പ്ലാച്ചിമടയെക്കുറിച്ച് സംസാരിക്കാറുണ്ട്. പ്ലാച്ചിമടയാണ് പിന്നീടുണ്ടായ അത്തരം സമരങ്ങളുടെയെല്ലാം ഊർജ്ജം. പാലിയേക്കരയിൽ ബി.ഒ.ടി-ടോൾ വിരുദ്ധ സമരം നടക്കുന്നതുകൊണ്ടാണ് കേരളത്തിന്റെ മറ്റ് സ്ഥലങ്ങളിലും ബി.ഒ.ടി റോഡുകൾക്ക് വേണ്ടി ഭൂമിയേറ്റെടുക്കുന്നതിനെതിരെ സമരം ശക്തമാകുന്നത്. കേരളത്തിൽ മറ്റൊരു ടോൾബൂത്ത് പണിയാൻ കഴിയുമോ എന്ന് ദേശീയപാത അതോറിറ്റിക്ക് ഉറപ്പില്ലാത്തതുകൊണ്ടാണ് അവർ മണ്ണൂത്തി - പാലക്കാട് റോഡ് നന്നാക്കാത്തത്. അനേകം ഭൂസമരങ്ങൾ സാധ്യമാക്കി എന്നതുകൂടിയാണ് ചെങ്ങറ സമരത്തിന്റെ വിജയം. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ഒരു പുനരധിവാസ പാക്കേജ് ഉറപ്പാക്കി എന്നതാണ് മൂലമ്പിള്ളി സമരത്തിന്റെ വിജയം. ജനകീയ സമരങ്ങളുടെ വിജയം മിക്കപ്പോഴും നമ്മൾ ഉദ്ദേശിക്കുന്ന ഇടങ്ങളിൽ പ്രതിഫലിക്കണമെന്നില്ല. ജനകീയ സമരങ്ങളുടെ പൊതുരാഷ്ട്രീയവും അങ്ങനെതന്നെയാണ്. നമ്മൾ ഉദ്ദേശിക്കുന്ന തരത്തിലായിരിക്കില്ല അത് രൂപപ്പെടുന്നത്. എന്നാൽ പൂർണ്ണമായ അർത്ഥത്തിലല്ലെങ്കിലും ഉദ്ദേശിക്കാത്ത ദിശകളിൽ അത് സാധ്യമാകുന്നുമുണ്ട്.

**ജനകീയ സമരങ്ങൾക്ക് ശാസ്ത്രീയമായ ബദലുകൾ മുന്നോട്ട് വയ്ക്കാൻ കഴിയുന്നില്ലെന്നും ഒന്നിനോടുള്ള എതിർപ്പുമാത്രമാണുള്ളതെന്നും ശാസ്ത്ര സാഹിത്യ പരിഷത്ത് പ്ലാറ്റ്ഫോമിൽ നിൽക്കുന്ന പലരും പറയുന്നത് കേട്ടിട്ടുണ്ട്. അതിൽ യാഥാർത്ഥ്യമില്ലേ?**

ഉണ്ട്. പക്ഷ, പരിഷത്തിനും അതിന് കഴിഞ്ഞിട്ടില്ലെന്നാണ് എനിക്ക് തോന്നാറുള്ളത്. അതുകൊണ്ട് അവർക്ക് റോളില്ല എന്നല്ല ഞാൻ പറയുന്നത്. സമരങ്ങളുടെ മൂല്യം അവർ സ്വാംശീകരിക്കുന്നില്ല എന്നതാണ് പ്രശ്നം. സയൻസിനോടും ടെക്നോളജിയോടുമുള്ള പരിഷത്തിന്റെ സമീപനത്തിന് കാലപ്പഴക്കം ബാധിച്ചു എന്നാണ് ഞാൻ കരുതുന്നത്. ശാസ്ത്രത്തിന് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും എന്ന പ്രത്യയശാസ്ത്രധാരയിൽ തന്നെയാണ് ഇപ്പോഴും അവരുടെ ഊന്നൽ. ആണവസാങ്കേതിക വിദ്യയുടെ കാര്യമെടുക്കാം. അതുപേക്ഷിക്കുക എന്നതുതന്നെയാണ് അതിന്റെ പരിഹാരമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ ടെക്നോളജിയിലുള്ള അമിത വിശ്വാസം കൊണ്ട് ആണവോർജ്ജത്തിന്റെ കാര്യത്തിൽ പരിഷത്തിന് നിലപാടെടുക്കാൻ പ്രയാസമാണ്. കൂടംകുളം സമരത്തെ പിന്തുണയ്ക്കാൻ അവർ ഏറെ വൈകിയതും അതുകൊണ്ടാണ്. കേരളത്തിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ പരിഷത്ത് നടത്തിയ വിപുലമായ പ്രവർത്തനങ്ങൾ പരാജയപ്പെട്ടതും ടെക്നോളജിയിലുള്ള ഈ അമിതവിശ്വാസം കൊണ്ടാണ്. ടെക്നോളജിയിലാണ് അവർ പരിഹാരം തിരഞ്ഞത്. എന്നാൽ ടെക്നോളജി എത്ര വികസിപ്പിച്ചാലും കേന്ദ്രീകൃതമായി മാലിന്യം സംസ്കരിക്കാൻ കഴിയില്ല എന്നതാണ് കേരളത്തിലെ പ്രശ്നം. ആണവനിലയങ്ങളുടെയും കീടനാശിനികളുടെയും അനുഭവത്തിൽ ടെക്നോളജിയോട് എനിക്ക് അൽപ്പം വിശ്വാസക്കുറിവ് സംഭവിച്ചിട്ടുണ്ട്.

**മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ ജനകീയസമരങ്ങളിൽ ഇടപെടുന്നതിനെതിരെ വ്യാപക പരാതികളുണ്ടാകുന്നുണ്ടല്ലോ? പ്ലാച്ചിമട സമരത്തെക്കുറിച്ച് വീരേന്ദ്രകുമാറും കൃഷ്ണൻകുട്ടിയും നടത്തിയ പരാമർശങ്ങൾ മുതൽ കാതിക്കുടത്ത് ടി.എൻ. പ്രതാപനും വി.ഡി. സതീശനും നടത്തുന്ന ഇടപെടലുകൾവരെ വ്യാപകമായ ചർച്ചയായിട്ടുണ്ട്. ജനകീയ സമരങ്ങളുടെ രാഷ്ട്രീയത്തെ മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ അപഹരിക്കുന്നതായും സമരത്തിന്റെ വീര്യം കുറയ്ക്കുന്നതായും തോന്നിയിട്ടുണ്ടോ?**

ടി.എൻ. പ്രതാപന്റെ ഇടപെടലുകൾ കാതിക്കുടം സമരത്തിന്റെ വീര്യം കുറയ്ക്കുന്നുണ്ടോ എന്നത് സമര സമിതി നിശ്ചയിക്കേണ്ട കാര്യമാണ്. പ്രതാപന്റെ ഇടപെടൽ പ്ര

*⇨ പ്രതാപന്റെ സഹായം സ്വീകരിക്കുന്നുണ്ടെങ്കിൽ സമരസമിതിക്ക് അവരുടേതായ ന്യായമുണ്ടാകാം ⇨*

ശ്നങ്ങളുണ്ടാക്കുന്നതായി സമരസമിതിക്കുള്ളിൽ തന്നെ അഭിപ്രായമുണ്ടെങ്കിൽ അതവർ ഗൗരവമായി ചർച്ച ചെയ്യണം. പ്രതാപന്റെ സഹായം സ്വീകരിക്കുന്നുണ്ടെങ്കിൽ സമരസമിതിക്ക് അവരുടേതായ ന്യായമുണ്ടാകാം. ആ ന്യായത്തിലെ സൂക്ഷ്മമായ കാര്യങ്ങൾ പുറത്തുനിന്നെത്തുന്ന എനിക്ക് മനസ്സിലാകണമെന്നില്ല. അവരുടെ ന്യായത്തിൽ തെറ്റുണ്ടെങ്കിൽ അത് അവരുമായി ചർച്ച ചെയ്യാം. പക്ഷെ സമരസമിതിയുടെ നിലപാട് അംഗീകരിക്കുക മാത്രമാണ് വഴി.

മുഖ്യധാരാ രാഷ്ട്രീയത്തിനുള്ളിൽ തന്നെ രൂപപ്പെടുന്ന വൈരുദ്ധ്യങ്ങളാണ് അവരിൽ ചിലരെ ജനകീയ സമരങ്ങളുമായി ബന്ധിപ്പിക്കുന്നത്. മുഖ്യധാരാ രാഷ്ട്രീയ പാർ



കിനാലൂരിലെ പോലീസ് ലാത്തിച്ചാർജ്ജ്

ട്ടികൾ വല്ലാത്ത പ്രതിസന്ധിയിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. അതുകൊണ്ടാണ് ബി,.ജെ.പി പോലും ടോൾ സമരത്തിന് പിന്തുണയുമായെത്തുന്നത്. അങ്ങനെ വരുമ്പോൾ, നിങ്ങൾ കേന്ദ്രം ഭരിച്ച കാലത്ത് എടുത്ത നിലപാട് ശരിയായിരുന്നില്ലല്ലോ എന്ന് ചോദിച്ച് അവരെ മാറ്റി നിർത്തേണ്ട ആവശ്യം സമരത്തിലുള്ളവർക്കില്ലെന്നാണ് എനിക്ക് തോന്നുന്നത്. ആറന്മുള വിമാനത്താവളത്തിന്റെ അനുമതി പത്രത്തിൽ ഒപ്പിട്ടത് വി.എസ്സ് ആണെങ്കിലും ആ നിലപാട് തിരുത്തി അദ്ദേഹം സമരത്തിൽ വന്നാലും തെറ്റില്ല. സമരങ്ങൾ മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയ വീക്ഷണത്തോട് പൂർണ്ണമായും യോജിപ്പുള്ളതുകൊണ്ടല്ല അവർ സമരത്തിലേക്ക് വരുന്നത്. അതുകൊണ്ടുതന്നെ ഒരു സമരത്തിനെയും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്ക് ഹൈജാക്ക് ചെയ്യാൻ കഴിയില്ല എന്നാണ് ഞാൻ കരുതുന്നത്. ഹൈജാക്ക് ചെയ്യണമെങ്കിൽ നിങ്ങൾക്ക് ആ സമരത്തെ സ്വാംശീകരിക്കേണ്ടി വരും. അത്തരത്തിൽ സ്വാംശീകരിക്കാൻ അവർ ഉദ്ദേശിക്കുന്നില്ല. സമരങ്ങളുടെ രാഷ്ട്രീയം സ്വാംശീകരിച്ചിട്ട് അതാരെങ്കിലും ഹൈജാക്ക് ചെയ്യുന്നെങ്കിൽ അതിൽ എനിക്ക് വിഷമമില്ല.

അടിസ്ഥാനപരമായി സമരങ്ങളുന്നയിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് അതിന് അധികാരമുള്ളവരാണ്. നിലവിൽ ആ അധികാരസ്ഥാനത്തുള്ളത് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളാണ്. ആ രാഷ്ട്രീയഘടനയെ അംഗീകരിച്ചേ മതിയാകൂ. കൂടംകുളം നിർത്തണോ എന്നും എൻഡോസൾഫാൻ നിരോധിക്കണമോ എന്നും തീരുമാനിക്കാനുള്ള അധികാരം ഇപ്പോഴും അവരിൽ നിക്ഷിപ്തമാണ്. അതുകൊണ്ടുതന്നെ അവരുമായി സംവദിക്കാതെ ജനകീയ സമരങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയില്ല. രാഷ്ട്രീയകക്ഷികളിൽ നിന്നും ഒന്നും പ്രതീക്ഷിക്കുന്നില്ലെങ്കിലും അവരിലെ ചില വ്യക്തികളുടെ സഹായം സ്വീകരിക്കണോ വേണ്ടയോ എന്നത് അതാത് സമരസമിതികൾ തീരുമാനിക്കേണ്ട കാര്യമാണ്.

**മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾക്കുള്ളതിനേക്കാൾ സ്വാധീനം മറ്റ് പല സംഘടനകൾക്കും ജനകീയ സമരങ്ങളിലുണ്ടല്ലോ. അത്തരം സംഘടനകൾ ജനകീയ സമരങ്ങളെ പല തലങ്ങളിലും സഹായിക്കുന്നുമുണ്ട്. ജനകീയ സമരങ്ങളുടെ രാഷ്ട്രീയത്തെ സ്വാംശീകരിച്ചുകൊണ്ടാണോ അവർ ഇടപെടുന്നത്? പലപ്പോഴും അവരുടെ പ്രവർത്തനങ്ങൾ ചാരിറ്റിയുടെ രൂപത്തിലാണ് പ്രകടമാകാറുള്ളത്. ഉദാഹരണമായി സോളിഡാരിറ്റി മൂലമ്പിള്ളിയിൽ വീട് തകർന്നവർക്ക് ഷെഡ് കെട്ടികൊടുക്കുന്നു. ഹിന്ദു ഐക്യവേദി അരിപ്പ ഭൂസമര വേദിയിൽ അരികൊടുക്കുന്നു. ദൃശ്യത കുറഞ്ഞ സംഘടനകൾ സമൂഹത്തിൽ സ്വാധീനം സൃഷ്ടിക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണോ ഇത്?**

അത്തരം പ്രവർത്തനങ്ങളോട് എനിക്ക് അഭിപ്രായഭിന്നതയില്ല. സോളിഡാരിറ്റിയും യൂത്ത്ലീഗുമാണ് ചെങ്ങറയിൽ ഏറ്റവും കൂടുതൽ അരികൊടുത്തത്. ട്രേഡ് യൂണിയൻ പ്രവർത്തകരുടെ ഉപരോധം കാരണം ചെങ്ങറ ഒറ്റപ്പെട്ടുപോവുകയും സമരം ചെയ്യുന്നവർ പട്ടിണി കിടന്ന് മരിക്കുകയും ചെയ്യുമെന്ന സ്ഥിതിയുണ്ടായപ്പോഴാണ് അവർ അരിവിതരണത്തിന് മുൻകൈയെടുത്തത്. സമരത്തെ പിന്തുണയ്ക്കാനെത്തുന്നവർ എന്ത്

*➪ സോളിഡാരിറ്റിയോടുള്ള എന്റെ രാഷ്ട്രീയ വിയോജിപ്പ് സ്വത്വരാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ് ➪*



പാലിയേക്കര ബി.ഒ.ടി ടോൾ വിരുദ്ധ സമരപന്തൽ

വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ വരുന്നു എന്നത് പ്രശ്നമാക്കേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം. കാരണം അത്തരം വിശ്വാസപ്രമാണങ്ങളൊന്നും പ്രസ്തുത സമരം ഉന്നയിക്കുന്ന പ്രശ്നം പരിഹരിക്കുമെന്ന് ഞാൻ കരുതുന്നില്ല. മൂലമ്പിള്ളിക്കാരെ വീടുകളിൽ നിന്നും അടിച്ചിറക്കിയ ദിവസം അന്തിയുറങ്ങാൻ പള്ളിയിൽ ആദ്യം ഇടം നൽകിയത് എറണാകുളം ബിഷപ്പാണ്. പിന്നീടാണ് സോളിഡാരിറ്റിക്കാർ താത്കാലിക ഷെഡുകൾ നിർമ്മിച്ച് നൽകിയത്. അന്ന് അവരുടെ സഹായം വളരെ പ്രധാനമായിരുന്നു.

ചെറിയ സംഘടനകൾ സമരത്തിൽ ഇടപെട്ടുകൊണ്ട് ജനസ്വാധീനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതിൽ എന്താണ് തെറ്റ്? കമ്മ്യൂണിസ്റ്റ് പാർട്ടിപോലും കർഷക സമരങ്ങളെയും തൊഴിലാളി സമരങ്ങളെയും ഏറ്റെടുത്തുകൊണ്ടല്ലേ കേരളത്തിൽ സ്വാധീനം സൃഷ്ടിച്ചത്. അല്ലാതെ കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്കുണ്ടായ വ്യാപനമല്ലല്ലോ 1957ൽ അവരെ അധികാരത്തിലെത്തിച്ചത്. ഏതെങ്കിലും സംഘടന ഇടപെട്ടു എന്നതുകൊണ്ട് മാത്രം ഒരു സമരവും പരിഹരിക്കപ്പെടാൻ പോകുന്നില്ല. സമരം ലക്ഷ്യത്തിലെത്തിക്കണം എന്ന ഉദ്ദേശത്തോടെയായിരിക്കില്ല സംഘടനകൾ ഇടപെടുന്നത്. വിഷയത്തോടുള്ള ഐക്യദാർഢ്യം മാത്രമായിരിക്കും അവർക്ക് പ്രധാനം. സമരം വിജയിപ്പിക്കാൻ കഴിഞ്ഞോ എന്ന മാനദണ്ഡം വച്ചല്ല സംഘടനകളുടെ ഇടപെടലുകളെ വിലയിരുത്തേണ്ടത്. അവർ സമരത്തിന്റെ നിലപാടിന് എതിരായി നിന്നിട്ടുണ്ടോ എന്നതാണ് നോക്കേണ്ടത്. കഴിഞ്ഞ ലോകസഭ തിരഞ്ഞെടുപ്പ് സമയത്ത് സോളിഡാരിറ്റിക്ക് അത് സംഭവിച്ചിട്ടുണ്ട്. അവർ പിന്തുണച്ചിരുന്ന മൂലമ്പിള്ളി, കിനാലൂർ സമരങ്ങളുടെ വികാരത്തിന് വിരുദ്ധമായി, ഇടതുപക്ഷ സ്ഥാനാർത്ഥികളെയാണ് അവിടെ സോളിഡാരിറ്റി പിന്തുണച്ചത്. അതിലുള്ള വിയോജിപ്പ് ഞാൻ അവരോട് പങ്കുവച്ചിട്ടുമുണ്ട്. കിനാലൂർ സമരസമിതിയിൽ നിന്ന് സോളിഡാരിറ്റി പുറംന്തള്ളപ്പെടുകയും ചെയ്തില്ലേ പിന്നീട്.

സോളിഡാരിറ്റിയോടുള്ള എന്റെ രാഷ്ട്രീയ വിയോജിപ്പ് സ്വത്വരാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ്. മുസ്ലീമായതുകൊണ്ട് മാത്രം എനിക്ക് ഒരു സവിശേഷ പ്രശ്നമുണ്ടായി, അത് പരിഹരിക്കണം എന്നതാകണം സ്വത്വരാഷ്ട്രീയത്തിന്റെ അടിസ്ഥാനം. അല്ലാതെ, മുസ്ലീങ്ങളാണ് എന്നതിനാൽ നാമെല്ലാം ഒരേ പ്രശ്നം അനുഭവിക്കുന്നവരാണ് എന്നു പറയുന്നത് സ്വത്വരാഷ്ട്രീയത്തിന്റെ ശരിയായ നിർമ്മിതിയല്ല. മുസ്ലീമായതുകൊണ്ട് ഒരു പ്രശ്നമുണ്ടായി എന്ന് പറയുമ്പോൾ അവിടെ മുസ്ലീം എന്നത് കാതിക്കുടത്തുകാരൻ, മൂലമ്പിള്ളിക്കാരി, അല്ലെങ്കിൽ കുടിയൊഴിപ്പിക്കപ്പെട്ടവർ എന്നെല്ലാം പറയുന്നതുപോലെ ഒരു സവിശേഷ പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവരുന്ന സ്വത്വം മാത്രമായി മാറുന്നു. സോളിഡാരിറ്റി സ്വത്വത്തെ കാണുന്നത് ആ രീതിയിലല്ല. നാമെല്ലാം മുസ്ലീങ്ങളാണ് എന്ന സ്വത്വബോധത്തിന് സ്വീകാര്യതയില്ല എന്നതിന്റെ തെളിവാണ് ഈജിപ്തിലെ സംഭവങ്ങൾ. അവിടെയുള്ള എല്ലാവിഭാഗം മുസ്ലീംങ്ങളും അങ്ങനെയൊരു സ്വത്വം പങ്കിടുന്നില്ല. കേരളത്തിലും അത് സാധ്യമല്ല. സുന്നികൾ മാർക്സിസ്റ്റുകളുമായി സഖ്യമുണ്ടാക്കിയാലും ജമാഅത്തെ ഇസ്ലാമിയുമായി സഖ്യമുണ്ടാക്കുമെന്ന് തോന്നുന്നില്ല.

**പാർലമെന്ററി രാഷ്ട്രീയത്തെക്കുറിച്ച് പരാമർശിച്ചതുകൊണ്ട് അതിലേക്ക് വരാം. ജനകീയ സമരങ്ങൾ പാർലമെന്ററി രാഷ്ട്രീയത്തോട് സ്വീകരിക്കേണ്ട സമീപനം എന്താകണം? പലപ്പോഴും അക്കാര്യത്തിൽ സമരങ്ങൾക്ക് അവ്യക്തതയുള്ളതുപോലെയാണ് തോന്നാറുള്ളത്. തെരഞ്ഞെടുപ്പ് വരുമ്പോൾ സമരത്തിന് അനുകൂലമല്ലാത്തവരെ പോലും പിന്തുണയ്ക്കേണ്ട അവസ്ഥ വരുന്നു. എന്നാൽ സ്വതന്ത്രമായി തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാനുള്ള ശക്തിയില്ലാതെയും വരുന്നു?**

80 ശതമാനം ജനങ്ങൾ വോട്ടുചെയ്യുന്ന സമൂഹമാണ് കേരളം. പാർലമെന്ററി രാഷ്ട്രീയവുമായി ഏതെങ്കിലും തരത്തിൽ വൈകാരികമായോ ആശയപരമായോ ബന്ധപ്പെട്ടവരും കണ്ണിചേർക്കപ്പെട്ടവരുമാണ് ബഹുഭൂരിപക്ഷം ആളുകളും. ജനകീയ സമരങ്ങളുടെ

പൊതുരാഷ്ട്രീയ രൂപീകരണത്തെ പരാജയപ്പെടുത്തുന്ന പ്രശ്നം കൂടിയാണിത്. സി.പി.എമ്മിന്റെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ജോലി ചെയ്യുന്ന ഒരാൾക്ക് കാതിക്കുടം സമരത്തിൽ പങ്കെടുക്കണമെങ്കിൽ പ്രയാസമാണ്. പാർട്ടി നിലപാടിന് അത് വിരുദ്ധമാകും. പക്ഷെ അയാൾക്കും ദുർഗന്ധം കാരണം കിടന്നുറങ്ങാൻ കഴിയുന്നുണ്ടാകില്ല. സമരത്തിൽ പങ്കെടുത്താൽ ജോലി പോകും, അല്ലെങ്കിൽ ജീവൻ പോകും എന്നതാണ് സ്ഥിതി. ഏതാണ് വേണ്ടതെന്ന തിരഞ്ഞെടുപ്പിൽ കുടുങ്ങിക്കിടക്കുകയാണ് അയാൾ. വലിയ വിഭാഗം ജനങ്ങളുടെയും അവസ്ഥ ഇതാണ്. പല സ്ഥലത്തും സ്ഥിതി മാറുന്നുണ്ട്. പാർട്ടിയുടെ പിന്തുണയില്ലെങ്കിലും അണികൾ സ്വതന്ത്രരായി സമരത്തിൽ പങ്കെടുത്തുതുടങ്ങിയിട്ടുണ്ട്.

വളരെ ധ്രുവീകൃതമായ രാഷ്ട്രീയമാണ് മുഖ്യധാരാ പാർട്ടികൾ കേരളത്തിൽ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ പാർട്ടികളെല്ലാം ആന്തരിക വ്യഖ്യാനങ്ങളിൽ ഒന്നായിതന്നെ തുടരുന്നു. അതിനിയിൽ നിന്നുകൊണ്ട് തീരുമാനമെടുക്കുക എന്നത് വളരെ പ്രയാസമാണ്. അതുകൊണ്ടാണ് കിനാലൂർ സമരത്തിൽ നന്നായി പണിയെടുത്ത സോളിഡാരിറ്റിക്ക് പോലും തെരഞ്ഞെടുപ്പെത്തുമ്പോൾ സമരത്തിന്റെ മുഖ്യശത്രുവായിരുന്ന എളമരം കരീമിന്റെ പാർട്ടിയെ പിന്തുണയ്ക്കേണ്ടിവരുന്നത്. ഈ വിഷമവൃത്തത്തിലൂടെ എല്ലാ ജനകീയ സമരപ്രവർത്തകരും കടന്നുപോകുന്നുണ്ട്. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ചില ഒറ്റപ്പെട്ട സ്ഥാനാർത്ഥികളെ വിജയിപ്പിക്കാൻ സമരസ്ഥലങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിയമസഭാ തിരഞ്ഞെടുപ്പ് വരുമ്പോഴേക്കും കാര്യങ്ങൾ മാറും. തെരഞ്ഞെടുപ്പുകളെല്ലാം വളരെ കടുത്ത മത്സരം നടക്കുന്നതിനാൽ അവസാനഘട്ട തീരുമാനത്തിൽ ആരും വോട്ട് മാറി ചെയ്യാൻ തയ്യാറാകുന്നില്ല. അത്ര സങ്കീർണ്ണമായ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ജനകീയ സമരങ്ങൾ തീരുമാനമെടുക്കാൻ പ്രയാസപ്പെടുന്നത് സ്വാഭാവികമാണ്. എന്നാലും കാമ്പയിൻ നടത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാനാർത്ഥികളെ നിർത്തുന്നത് പലപ്പോഴും ഉപകാരപ്പെടും. മൂലമ്പിള്ളിയുടെ പ്രതിനിധിയായി മേരി ഫ്രാൻസിസിനെ നിർത്തിയത് അത്തരത്തിൽ ഉപകാരപ്പെട്ടിട്ടുണ്ട്.

> സി.പി.എമ്മിന്റെ കോ–ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ജോലി ചെയ്യുന്ന ഒരാൾക്ക് കാതിക്കുടം സമരത്തിൽ പങ്കെടുക്കണമെങ്കിൽ പ്രയാസമാണ്. പാർട്ടി നിലപാടിന് അത് വിരുദ്ധമാകും. പക്ഷെ അയാൾക്കും ദുർഗന്ധം കാരണം കിടന്നുറങ്ങാൻ കഴിയുന്നുണ്ടാകില്ല. സമരത്തിൽ പങ്കെടുത്താൽ ജോലി പോകും, അല്ലെങ്കിൽ ജീവൻ പോകും എന്നതാണ് സ്ഥിതി.

**പരിസ്ഥിതി രാഷ്ട്രീയം ജനങ്ങളുടെ മുൻകൈയിൽ നടക്കുന്ന സമരങ്ങളുടെ പക്ഷത്ത് നിന്നുകൊണ്ട് ഉന്നയിക്കാൻ തുടങ്ങിയിട്ട് അധികനാളുകളായിട്ടില്ല. ഒരു പക്ഷെ സി.ആർ ആ ചരിത്രത്തിനൊപ്പം നടന്നയാളാണ്. എന്നാൽ പാരിസ്ഥിതിക ബോധത്തിന്റെ വ്യാപനത്തിലൂടെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചിരുന്ന ചെറിയ പ്രസ്ഥാനങ്ങളും ഒട്ടേറെ വ്യക്തിത്വങ്ങളും അതിനുമുന്നേ കേരളത്തിലുണ്ടായിരുന്നു. ജോൺസി ജേക്കബിന്റെയും സതീഷ് ചന്ദ്രന്റെയും മുൻകൈയിൽ നടന്നിരുന്ന പരിസ്ഥിതി ബോധവത്കരണ ക്ലാസുകൾ, സഹവാസ ക്യാമ്പുകൾ, സൈലന്റ്‌വാലി സംരക്ഷണ സമരം, പശ്ചിമഘട്ട രക്ഷായാത്ര തുടങ്ങിയ ഒട്ടേറെ പാരിസ്ഥിതിക മുൻകൈകൾ ഉണ്ടായ സ്ഥലമാണ് കേരളം. എന്നാൽ ജനങ്ങൾ ഉയർത്തുന്ന പ്രാദേശിക പാരിസ്ഥിതിക സമരങ്ങളുടെ പക്ഷത്ത് നിന്നുകൊണ്ട് പരിസ്ഥിതിയുടെ രാഷ്ട്രീയം അക്കാലത്ത് ഇത്രത്തോളം ഉന്നയിക്കപ്പെട്ടിട്ടില്ല എന്ന് തോന്നുന്നു. ഇന്ന് അത്തരത്തിൽ ഉയർന്നു വരുന്ന ശ്രമങ്ങൾക്ക് പരിസ്ഥിതികാവബോധത്തെ സമൂഹത്തിൽ വ്യാപിക്കാൻ കഴിയുന്നുണ്ടോ? നവസമരങ്ങൾക്ക് പാരിസ്ഥിതികാവബോധമില്ല എന്നതുകൊണ്ടാണോ പഴയ സ്കൂളിൽ നിന്നുള്ള പല പരിസ്ഥിതി പ്രവർത്തകർക്കും ജനകീയസമരങ്ങളോട് ഐക്യപ്പെടാൻ കഴിയാതെ പോകുന്നത്?**

കേരളത്തിൽ ആദ്യം തുടങ്ങുന്നത് പാരിസ്ഥിതിക അവബോധത്തിൽ ഊന്നിനിന്നുകൊണ്ടുള്ള സാമൂഹിക പ്രവർത്തനമാണ്. സൈലന്റ്‌വാലി സമരം ഇരകളുടെ സമരമായിരുന്നില്ല. പാരിസ്ഥിതികമായ മൂല്യബോധമായിരുന്നു അതിന്റെ അടിത്തറ. എന്നാൽ ഇവരുടെ മുൻകൈയിൽ പരിസ്ഥിതി ബോധവത്കരണ ശ്രമങ്ങൾ നടക്കുമ്പോഴും സമാന്തരമായി നടന്നിരുന്ന പാരിസ്ഥിതിക വിനാശങ്ങളിൽ ആ ഗ്രൂപ്പിന് ഫലപ്രദമായി ഇടപെടാൻ കഴിയാതെ പോയിട്ടുണ്ട്. അവരുടെ നിലപാടുകൾ വളരെ കൃത്യമായിരുന്നു. എ

ന്നാൽ ആ നിലപാടുകളെ അപ്രസക്തമാക്കുന്നവിധത്തിൽ ജനങ്ങളുടെ ദുരിതങ്ങൾ ഏറിവരികയായിരുന്നു. ജനസാമാന്യത്തിന് പരിസ്ഥിതി നിലപാടിന്റെ പ്രശ്നമല്ല. യാഥാർത്ഥ്യങ്ങളായി ജീവിതത്തിന്റെ മുന്നിൽ വന്നുനിൽക്കുന്ന പ്രശ്നമാണ്. ജോൺസി മാഷിന്റെയും സതീഷ് ചന്ദ്രന്റെയുമെല്ലാം ആത്മാർത്ഥതയും അവഗാഹവും ഒരിക്കലും ചോദ്യം ചെയ്യാൻ കഴിയാത്തതാണ്. എന്നാൽ പൊതുസമൂഹവുമായി അക്കാര്യങ്ങൾ വേണ്ടത്ര സംവദിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അവർക്ക് പൊതുഇടം നഷ്ടമായതോടെയാണ് മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ 'പരിസ്ഥിതിക്കാർ' എന്ന പേരിൽ അവരെ അരികുവത്കരിക്കാൻ ശ്രമിച്ചത്. പൊതുസമൂഹവുമായി സംഭാഷണം നടത്താൻ കഴിയാത്തവിധത്തിൽ പരിസ്ഥിതി പ്രവർത്തകരുടെ ആ തലമുറ വളരെയധികം ഒഴിച്ചുമാറ്റപ്പെട്ടു. ആഗോളവത്കരണ നയങ്ങളുടെ പ്രതിസന്ധികൾ ഇത്രയേറെ ദൃശ്യമായിട്ടും പൊതുസമൂഹം എന്തുകൊണ്ട് അതൊരു രാഷ്ട്രീയവിഷയമായി ഉയർത്തുന്നില്ല എന്ന് അന്വേഷിക്കാൻ അവർ തയ്യാറായില്ല.

അവരുടെയത്രയും ജ്ഞാനമില്ലാത്ത എന്നെപ്പോലെയുള്ളവർക്കാണ് പൊതുസമൂഹവുമായി സംവദിക്കാനുള്ള നിയോഗമുണ്ടായത്. പാരിസ്ഥിതികാവബോധം നഷ്ടമാവുകയും മുതലാളിത്തത്തിന്റെ ഉപഭോഗാവബോധം പൂർണ്ണമായും സ്വാംശീകരിക്കുകയും ചെയ്തിരിക്കുന്ന ഒരു സമൂഹത്തോടാണ് നമുക്ക് സംസാരിക്കാനുള്ളത്. ഞാൻ അവരോടാണ് സംസാരിക്കാനാണ് ശ്രമിക്കുന്നത്. ജോൺസി മാഷും സതീശ് ചന്ദ്രനുമെല്ലാം പകർന്നുനൽകിയ വിജ്ഞാനം ഞാൻ അവരിലേക്ക് പകരുന്നു.

**മുത്തങ്ങ സമരത്തിന്റെ കാര്യത്തിൽ പരിസ്ഥിതി പ്രവർത്തകരും സാമൂഹിക പ്രവർത്തകരും തമ്മിലുണ്ടായ ഭിന്നിപ്പിന് ഈ രണ്ട് സ്കൂളുകളും തമ്മിലുള്ള വൈരുദ്ധ്യമാണോ കാരണമായിത്തീർന്നത്?**

വൈരുദ്ധ്യമുണ്ടാകേണ്ട സാഹചര്യമൊന്നും മുത്തങ്ങയിൽ ഉണ്ടായിരുന്നില്ല എന്നാണ് എന്റെ നിഗമനം. മുത്തങ്ങയിൽ ആദിവാസികൾ കുടിൽകെട്ടിയത് വനഭൂമിയിലല്ല എന്ന് ആർക്കും അവിടെ നിന്നും ബോധ്യമാകുന്നതാണ്. രേഖകളിൽ വനഭൂമിയെന്ന് കാണിക്കുന്നതിന് വേണ്ടി വാദിക്കുകയല്ല ശരിയായ പാരിസ്ഥികാവബോധം. പരിസ്ഥിതിയിലല്ല, സർക്കാർ രേഖകളിലാണ് അവരുടെ ഊന്നൽ. സമഗ്രമായ സമീപനത്തിന്റെ അഭാവമാണ് അത് കാണിക്കുന്നത്. ബിർളാ കമ്പനിക്ക് വേണ്ടി മരം വെട്ടിയാൽ കുഴപ്പമില്ല, ആദിവാസികൾക്ക് ഭൂമി കൊടുത്താൽ കുഴപ്പമുണ്ടാകും എന്ന് പറയാൻ കഴിയുന്നത് ഈ സമഗ്രതക്കുറവിൽ നിന്നുകൊണ്ടാണ്. ദളിത് ഭൂസമരങ്ങളോടും ഇതേ സമീപനം വച്ചുപുലർത്തുന്നവരുണ്ട്. ഏകവിളത്തോട്ടങ്ങളായിരുന്ന എസ്റ്റേറ്റ് ഭൂമിയിൽ ചെങ്ങറ സമരക്കാർ ജൈവകൃഷി നടത്തിയതിനെ ഒരു പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനമായി അംഗീകരിക്കാൻ ഇപ്പോഴും മടിയുള്ള സമൂഹമാണ് നമ്മുടേത്. കാലഹരണപ്പെട്ട ഏകവിളത്തോട്ടങ്ങൾ പച്ചക്കറിത്തോട്ടങ്ങളാക്കി മാറ്റുക എന്നത് കേരളത്തിൽ ചെയ്യാൻ കഴിയുന്ന ഏറ്റവും മഹത്തായ പരിസ്ഥിതി പ്രവർത്തനമാണ്. ശുദ്ധപരിസ്ഥിതി വാദികൾ ഇത് തിരിച്ചറിയേണ്ടതുണ്ട്. കേരളത്തിൽ മദ്യനിരോധന പ്രവർത്തനം തുടങ്ങിയിട്ട് എത്രയോകാലമായി. സമൂഹത്തിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ? ഒട്ടും ഫലപ്രദമല്ലാത്ത ഒരു പ്രസ്ഥാനമായി മദ്യനിരോധന പ്രസ്ഥാനം മാറി. എന്നാൽ ചെങ്ങറയിൽ സമ്പൂർണ്ണ മദ്യനിരോധനമാണ്. ഇത്രയധികം മദ്യപിക്കാത്തവർ തിങ്ങിപ്പാർക്കുന്ന ഇടം കേരളത്തിൽ വേറെയുണ്ടാകില്ല. ബോധവത്കരണമായിരിക്കില്ല ചിലപ്പോൾ ഫലപ്രദമായ വഴി. സാമൂഹിക നിയന്ത്രണങ്ങൾ വേണ്ടിവരും. ഇത് വളരെ ഗൗരവത്തോടെ കേരളം ആലോചിക്കേണ്ട ഒരു വിഷയമാണ്.

**തൊഴിലാളി പ്രസ്ഥാനങ്ങളും പരിസ്ഥിതി സമരങ്ങളും തമ്മിൽ നിലനിൽക്കുന്ന സംഘർഷങ്ങളും പരിഹാരമാകാതെ നീളുകയാണല്ലോ?**

ശരിക്കും തൊഴിലാളികളും പരിസ്ഥിതി സമരപ്രവർത്തകരും തുല്യ ദുഃഖിതരാണ്. രണ്ടുകൂട്ടരും അതിജീവനത്തിന് വേണ്ടിയാണ് സമരം ചെയ്യുന്നത്. മിച്ചമൂല്യ സിദ്ധാന്തത്തിൽ നിന്നുകൊണ്ടാണ് ഞാൻ ഈ പ്രശ്നത്തെ വിലയിരുത്തുന്നത്. അധ്വാനമാണ് മിച്ചമൂല്യത്തെ സൃഷ്ടിക്കുന്നതെന്നാണ് മാർക്സിസ്റ്റുകൾ വിശ്വസിക്കുന്നത്. എന്നാൽ ഇന്ന് മിച്ചമൂല്യമുണ്ടാക്കുന്നത് പ്രകൃതി വിഭവങ്ങളാണ്. മാവൂർ ഗ്വാളിയോർ റയോൺസായാലും കാതിക്കുടം എൻ.ജി.ഐ.എൽ കമ്പനിയായാലും തൊഴിലാളികൾക്ക് നൽകുന്ന കൂലി അയാളുടെ അധ്വാനത്തിന്റെ കൂലിയല്ല. പ്രകൃതിവിഭവങ്ങൾ സൗജന്യമായി യഥേഷ്ടം കിട്ടുന്നതിന്റെയും നാട്ടുകാരുടെ ആരോഗ്യം നശിക്കുന്നതിന്റെയും മിച്ചമൂല്യത്തിൽ നിന്നും കിട്ടുന്ന കൂലിയാണത്. അത് തൊഴിലാളികൾ തിരിച്ചറിയണം. ഒരു രൂപയ്ക്ക് മുള കിട്ടിയിരുന്നു എന്നതാണ് റയോൺസിന്റെ ലാഭം. പ്രകൃതിവിഭവം അതിന്റെ യഥാർത്ഥ മൂല്യത്തിൽ നിന്നും വിലകുറച്ചുകിട്ടുന്നു എ

ന്നതാണ് കമ്പനികളുടെ ലാഭം.

ഉദാഹരണമായി റബ്ബർ കൃഷിയെടുക്കാം. 50 രൂപ മുടക്കി ഒരു കിലോ റബ്ബറുണ്ടാക്കുമ്പോൾ നിങ്ങൾക്ക് 150 രൂപ കിട്ടുന്നു. 100 രൂപയുടെ മിച്ചം എവിടെ നിന്നാണ് വരുന്നത്. ടാപ്പിംഗ് തൊഴിലാളിയുടെ അധ്വാനത്തിൽ നിന്നുമാത്രമല്ല, കേരളത്തിലെ മണ്ണിന്റെയും വെള്ളത്തിന്റെയും കാലാവസ്ഥയുടെയും കൂടി മൂല്യമാണത്. ടോളിന്റെ കാര്യത്തിലും അതാണ് സംഭവിക്കുന്നത്. റോഡ് പണി നടത്തിയ തൊഴിലാളിയുടെ അധ്വാനത്തിന്റെ മൂല്യമല്ല കമ്പനിക്ക് ലഭിക്കുന്ന മിച്ചമൂല്യം. അത് റോഡ് എന്ന പൊതുസ്വത്ത് സ്വന്തമാക്കുന്നത് വഴി കിട്ടുന്ന മൂല്യമാണ്. പൊതുവഴി എന്ന ഇടത്തിന്റെ മൂല്യമാണ് കമ്പനി എടുത്തുകൊണ്ടിരിക്കുന്നത്. അല്ലാതെ റോഡ് പണി നടത്തിയതിന്റെ ചിലവല്ല. ഈ സാമ്പത്തിക ശാസ്ത്രം നിറ്റാ ജലാറ്റിനറിയാം. അതുകൊണ്ടാണ് അവർ ജപ്പാനിൽ പ്രവർത്തിക്കാത്തത്. അവിടെ പാരിസ്ഥിതിക സേവനങ്ങൾക്ക് വില നൽകേണ്ടിവരും. ഇവിടെയാകുമ്പോൾ ആ ചിലവ് ഒഴിവാക്കാം. ഈ രാഷ്ട്രീയമാണ് തൊഴിലാളികളെ ബോധ്യപ്പെടുത്തേണ്ടത്. എന്നാൽ തൊഴിൽ നഷ്ടപ്പെടുമെന്ന പേടികൊണ്ട് അവർ ഒന്നിനും തയ്യാറാകില്ല. ആ വിഷമസന്ധിയെ മുതലാളി സമർത്ഥമായി ഉപയോഗിക്കുന്നു.

ടോളിന്റെ കാര്യത്തിലും അതാണ് സംഭവിക്കുന്നത്. റോഡ് പണി നടത്തിയ തൊഴിലാളിയുടെ അധ്വാനത്തിന്റെ മൂല്യമല്ല കമ്പനിക്ക് ലഭിക്കുന്ന മിച്ചമൂല്യം. അത് റോഡ് എന്ന പൊതുസ്വത്ത് സ്വന്തമാക്കുന്നത് വഴി കിട്ടുന്ന മൂല്യമാണ്. പൊതുവഴി എന്ന ഇടത്തിന്റെ മൂല്യമാണ് കമ്പനി എടുത്തുകൊണ്ടിരിക്കുന്നത്. അല്ലാതെ റോഡ് പണി നടത്തിയതിന്റെ ചിലവല്ല

ഭരണകൂടത്തിന്റെ ചെയ്തികൾ കാരണം ദുരിതമനുഭവിക്കേണ്ടിവരുന്ന രണ്ട് വിഭാഗങ്ങൾ തമ്മിൽ സംഘർഷം സൃഷ്ടിച്ച് മുതലെടുപ്പ് നടത്തുക എന്നത് ഫാസിസ്റ്റുകൾ ഇപ്പോൾ അവലംബിച്ചുകൊണ്ടിരിക്കുന്ന രീതിയാണ്. ഗുജറാത്തിൽ മുസ്ലീം കൂട്ടക്കൊലയ്ക്ക് മോഡി ഏറ്റവും കൂടുതലായി ഉപയോഗിച്ചത് ദളിതരെയാണ്. യഥാർത്ഥത്തിൽ ദളിത് അവസ്ഥയും മുസ്ലീം അവസ്ഥയും തമ്മിൽ അവിടെ വലിയ വ്യത്യാസമില്ല. രണ്ടുകൂട്ടരും ഒരേ വ്യവസ്ഥയുടെ രണ്ടുതരം ഇരകളാണ്. കാതിക്കുടത്തും അതാണ് സംഭവിക്കുന്നത്. നാട്ടുകാരും തൊഴിലാളികളും ഒരേ വ്യവസ്ഥയുടെ രണ്ടുതരം ഇരകൾ മാത്രം.

**മേധാപട്കറുടെ നേതൃത്വത്തിലുള്ള ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ (എൻ.എ.പി.എം) ഭാഗമായി നിൽക്കുന്ന ഒരാളുകൂടിയാണ് സി.ആർ. എൻ.എ.പി.എം ദേശീയതലത്തിൽ മുന്നോട്ട് വയ്ക്കുന്ന ഒരു പ്രധാന മുദ്രാവാക്യമാണ് 'സംഘർഷ് ഓർ നിർമ്മാൺ'- സമരവും നിർമ്മാണാത്മക പ്രവർത്തനങ്ങളും. നിർമ്മാണാത്മക പ്രവർത്തനങ്ങളുടെ കാര്യത്തിൽ എത്രത്തോളം മുന്നോട്ട് പോകാൻ കേരളത്തിലെ ജനകീയ സമരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്? നിർമ്മാണാത്മകമായി എന്താണ് ഇവിടെ നടന്നിട്ടുള്ളത്?**

ഉത്തരേന്ത്യൻ ഗ്രാമീണ സങ്കൽപ്പത്തിലാണ് എൻ.എ.പി.എം പറയുന്ന നിർമ്മാണാത്മക പ്രവർത്തനങ്ങളുടെ അടിത്തറ. കേരളത്തിന്റേത് വളരെ വ്യത്യസ്തമായ സ്ഥിതിയാണ്. നർമ്മദയിൽ പരീക്ഷിച്ച 'ജീവനശാല' എന്ന ബദൽ സ്കൂൾ കേരളത്തിൽ അതേ മാതൃകയിൽ പ്രാവർത്തികമാകണമെന്നില്ല. ആവശ്യത്തിന് സ്കൂളുകളില്ലാത്ത, ഉള്ള സ്കൂളുകൾ മുങ്ങിപ്പോകുന്ന സ്ഥലത്ത് അത്തരം ബദൽ ശ്രമത്തിന് കൂടുതൽ അർത്ഥമുണ്ട്.

ഉത്പാദന പ്രക്രിയകളുമായൊന്നും ഒരു വിധത്തിലും ബന്ധപ്പെടാത്തവരാണ് ബഹുഭൂരിപക്ഷം മലയാളികളും. അതാണ് ഇവിടെയുള്ള പ്രതിസന്ധി. നിരന്തരം ഉത്പാദനമേഖലയുമായി ജനങ്ങൾക്ക് ബന്ധമുള്ള സ്ഥലങ്ങളിൽ ബദലുകൾക്ക് കൂടുതൽ സാംഗത്യമുണ്ട്. സഹകരണ മേഖലയിലായിരുന്നു കേരളത്തിൽ എന്തെങ്കിലും സാധ്യതകളുണ്ടായിരുന്നത്. എന്നാൽ സഹകരണ മേഖല മുതലാളിത്തത്തിന് ബദലാകുന്നതിന് പകരം അതിനെ സ്വാംശീകരിക്കുകയാണ് ചെയ്തത്. പാർട്ടി മുതലാളിത്തമായി അത് പരിവർത്തിച്ചു. കേരളത്തിൽ നിർമ്മാണാത്മക പ്രവർത്തനങ്ങൾ എന്തെങ്കിലും വിജയകരമായി നടന്നിട്ടുണ്ടെങ്കിൽ അത് കെട്ടിട നിർമ്മാണ മേഖലയിലാണ്. ലാറി ബേക്കർ എന്ന മലയാളിയല്ലാത്ത മനുഷ്യനോടാണ് അതിന് നമ്മൾ കടപ്പെട്ടിരിക്കുന്നത്. ഗാന്ധിയൻ സംരംഭങ്ങളും മുതലാളിത്ത വിപണിയുടെ അതേ സങ്കൽപ്പത്തിലേക്ക് വഴുതിമാറി. കുടുംബശ്രീയും ബദൽ നിർമ്മാണാത്മക പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുള്ള ഗ്രൂപ്പാണ്. പക്ഷെ ആ തലത്തിലേക്ക് അവരുടെ പ്രവർത്തനങ്ങളും എത്തിയിട്ടില്ല. കേരളത്തിൽ നടന്നിട്ടുള്ളതും നടക്കുന്നതുമായ പല ശ്രമങ്ങളെയും വിലകുറച്ച് കാണുകയല്ല.

കേരളത്തിലെ മുഖ്യധാരാ ജീവിതശൈലിയുമായി ഏതെങ്കിലും തരത്തിൽ തർക്കിക്കാനുള്ള ശേഷി അവയ്ക്കൊന്നും ഇല്ലാതെ പോയി എന്നത് അംഗീകരിക്കേണ്ടിവരും.

സമരങ്ങളുടെ പക്ഷത്ത് നിന്നുകൊണ്ട് പരിശോധിച്ചാൽ ചെങ്ങറിയിലെ ജൈവകൃഷി മാത്രമാണ് ആകെ വിജയകരമായി നടന്ന ഒരു നിർമ്മാണാത്മക പ്രവർത്തനം. അവർക്കത് അവരുടെ ഉപജീവനവുമായി ബന്ധപ്പെട്ട പ്രശ്നമായിരുന്നു. കൃഷി ചെയ്യാതെ അവർക്ക് നിലനിൽപ്പുണ്ടായിരുന്നില്ല. ജനതയുടെ ഉപജീവനവുമായി ചേർത്തു നിർത്തുമ്പോഴാണ് നിർമ്മാണാത്മക പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാകുന്നത്.

**സി.ആർ ചെയ്യുന്നത് ഒരു പരിഭാഷകന്റെ ജോലിയാണെന്ന് പലപ്പോഴും പറയാറുണ്ട്. ജനകീയ സമരങ്ങൾക്ക് പൊതുസമൂഹത്തോടും മാധ്യമങ്ങളോടും പറയാനുള്ളത് അവരിലേക്ക് പരിഭാഷപ്പെടുത്തുക എന്ന ജോലി. പല സ്വഭാവങ്ങളുള്ള, വിവിധങ്ങളായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സമരങ്ങളെയെല്ലാം പ്രതിനിധീകരിച്ച് എങ്ങനെയാണ് സംസാരിക്കാൻ കഴിയുന്നത്? 'നീലകണ്ഠൻ ഭൂമിക്ക് താഴെയുള്ള എന്തിനെക്കുറിച്ചും അഭിപ്രായം പറയുന്നു' എന്നാണല്ലോ വി.ഡി. സതീശൻ വരെ പരിഹസിച്ചിരിക്കുന്നത്?**

ഇത് എന്റെ വൈദഗ്ധ്യമൊന്നുമല്ല. അനിവാര്യതകൊണ്ട് സംഭവിക്കുന്നതാണ്. സമരത്തെ പ്രതിനിധീകരിച്ചുകൊണ്ട് ഞാൻ സംസാരിക്കാറുള്ള വിഷയങ്ങളെക്കുറിച്ചെല്ലാം പല വിദഗ്ധരും മുമ്പ് പഠിച്ചിട്ടുണ്ട്. അവരുടെ പഠനങ്ങളിലൂടെ കടന്നുപോയി, ഏതാണ് ഏറ്റവും മൂർച്ചയുള്ളതെന്നും പൊതുസമൂഹത്തിന്റെ ശ്രദ്ധയെ ആകർഷിക്കാൻ കഴിയുന്നതെന്നും തിരിച്ചറിഞ്ഞ് കാര്യങ്ങൾ അവതരിപ്പിക്കുന്നെന്ന് മാത്രം. ഇടപെടുന്ന വിഷയങ്ങളിലെല്ലാം ഞാനതാണ് ചെയ്യുന്നത്. 'ടോൾ' പോലെയുള്ള വിഷയങ്ങളിൽ പഠനങ്ങൾ കുറവായിരുന്നതിനാൽ സ്വന്തമായി പഠിക്കേണ്ടി വന്നിട്ടുണ്ട്. രാഷ്ട്രീയക്കാർക്ക് ഭൂമിക്ക് താഴെയുള്ള എന്തുകാര്യത്തെക്കുറിച്ചും ഒന്നും പഠിക്കാതെ പറയാമെങ്കിൽ എനിക്കും അതിനവകാശമുണ്ട്. ഇതുവരെ ഞാൻ സംസാരിച്ച ഒരു വസ്തുതയും പൂർണ്ണമായും തെറ്റാണെന്നും തെറ്റിധരിപ്പിക്കുന്നതാണെന്നും ആരും പറഞ്ഞിട്ടില്ല. അത്രയും കൃത്യതയ്ക്ക് ഞാൻ ശ്രമിക്കാറുണ്ട്.

**മാധ്യമപ്രവർത്തകന്റെ റോളുകൂടി നിർവഹിക്കുന്ന ഒരാളാണ് സി.ആർ. നിരന്തരമായി എഴുതുന്നതിനൊപ്പം പലരെയും അഭിമുഖം ചെയ്തിട്ടുമുണ്ട്. അടുത്തിടെ, എമർജിംഗ് കേരള പരിപാടി നടക്കുന്നതിന് മുന്നോടിയായി വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയുമായി താങ്കൾ നടത്തിയ അഭിമുഖം കുഞ്ഞാലിക്കുട്ടിക്ക് എമർജിംഗ് കേരളയെ ന്യായീകരിക്കുന്നതിനുള്ള അവസരമായി മാറിയില്ലേ?**

പല പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി ഒരുപാടുപേരെ ഞാൻ ഇന്റർവ്യൂ ചെയ്തിട്ടുണ്ട്. അവർക്ക് പറയാനുള്ളത് പൊതുസമൂഹത്തിന് മുന്നിൽ എത്തിക്കുക എന്നത് മാത്രമാണ് അപ്പോൾ എന്റെ ദൗത്യം. കുഞ്ഞാലിക്കുട്ടിക്ക് എമർജിംഗ് കേരള ന്യായീകരിക്കാനുള്ള ഇടം ഞാൻ ഉണ്ടാക്കിക്കൊടുക്കേണ്ട കാര്യമില്ല. അതു കണ്ടെത്താൻ അദ്ദേഹത്തിനറിയാം. എമർജിംഗ് കേരളയോടുള്ള എന്റെ സമീപനം വ്യക്തമാക്കുന്ന ഒരുപാട് ലേഖനങ്ങൾ ഞാൻ എഴുതിയ ശേഷമാണ് കുഞ്ഞാലിക്കുട്ടിയുമായുള്ള അഭിമുഖ സംഭാഷണം നടക്കുന്നത്. ചിന്തിക്കുന്ന ആർക്കും ആ അഭിമുഖ സംഭാഷണത്തിലെ കുഞ്ഞാലിക്കുട്ടിയുടെ പരാമർശങ്ങളിൽ നിന്നും എമർജിംഗ് കേരളയ്ക്കെതിരെയുള്ള പലതും കണ്ടെത്താൻ കഴിയുമായിരുന്നു. അഭിമുഖം നടത്തിയത് ശരിയായില്ല എന്ന് പരാതിപ്പെട്ടവർ അതിന് ശ്രമിച്ചില്ല.

എഴുത്തിന്റെ കാര്യത്തിൽ എന്റേത് തുറന്ന സമീപനമാണ്. കേസരിയിലായാലും പ്രബോധനത്തിലായാലും അവസരം കിട്ടിയാൽ ഞാൻ എഴുതും. എന്റെ നിലപാടാണ് ഞാൻ ആ ഇടത്തിലൂടെ വിശദീകരിക്കുന്നത്. അല്ലാതെ അവർ ആവശ്യപ്പെടുന്നതല്ല എഴുതിക്കൊടുക്കുന്നത്. മാധ്യമങ്ങൾ തിരഞ്ഞെടുക്കുന്നതിൽ എനിക്ക് വലിപ്പച്ചെറുപ്പങ്ങളില്ല. പറയേണ്ടുന്ന കാര്യത്തിന്റെ അടിയന്തിരത്വമാണ് പ്രധാനം. മനോരമ ചാനൽ സംസാരിക്കാൻ വിളിച്ചാൽ ഞാൻ പോകാറുണ്ട്. നാളെ മനോരമയുടെ ഭൂമി തട്ടിപ്പിനെതിരെ മറ്റൊരുചാനലിൽ സംസാരിക്കുന്നതിന് ആ ബന്ധം എനിക്ക് തടസ്സമാകില്ല. ■


**കേരളീയം വരിസംഖ്യ**
**300 രൂപ**
**അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ**
**അഭിപ്രായങ്ങൾ**
**കത്തുകൾ**
എഴുതുക/വിളിക്കുക/അയക്കുക

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487 2421385, 9446576943